
SUPPLYCO
Food Security For Kerala
*Sulabhamaya Labham*

SUPPLYCO

# Anubhoothi

January 2023



**Dr. SANJEEB PATJOSHI IPS PhD**
**CHAIRMAN & MANAGING DIRECTOR**
**CEO, COUNCIL FOR FOOD RESEARCH AND DEVELOPMENT**

**SUPPLYCO**
**Food Security for Kerala**
Kerala State Civil Supplies Corporation Ltd.
Government of Kerala



**DATED: 12/12/2022**

# MESSAGE

**Warmest Greetings** & **Wishes** for upcoming new year **2023** to all Supplyco officials & staff & their families. With lots of efforts for improvement in innovation, work culture & attitude, positivity, team work, increased efficiency & effectiveness. Supplyco has advanced with leapfrog for delightful customer service with "*Namaskaram*", higher annual sales turn over, expansion of business, improvement in quality, optimum stock management, tea exports to Gulf countries, full digital payments and maximizing digital governance. Sky is limit to achieve excellence for which Supplyco management is striving for.

Best performance in service and product delivery in Onam year 2022, Government kits to 87 lakhs ration card holders with 13 best quality items packed in cloth bags in 1400 packing centres, delivery to 14000 ration shops with digital mobile app platform for realtime date and time stamped with status, timely punctuality, have been appreciated by Government, media and public at large.

Now second edition of Supplyco Digital Magazine 'Anubhoothi' after its Ist one release in June 2022 is another milestone in the history of Supplyco apart from two other important historical achievements of commencement of Supplyco Research & Training Academy on 25/06/2022 and Supplyco Archieve Museum on 18/11/2022.

**Long live Supplyco, Jai Kerala,Jai Hind**

12/12/22

**Dr.SANJEEB PATJOSHI IPS**

Dr.SANJEEB PATJOSHI IPS PhD
CHAIRMAN & MANAGING DIRECTOR
Kerala State Civil Supplies Corporation
Government of Kerala
Gandhi Nagar, Cochin - 682020
Ph: 0484-2206780

www.supplycokerala.com
Maveli Bhavan. Gandhi Nagar, Cochin, Kerala. 682 020
(O) +91 - 484 - 2206780
(Mob) +91 - 9496344888
(Fax) +91 - 484 -2206799
cmd@supplycomail.com
patjoshiips1991@gmail.com



SUPPLYCO
Food Security For Kerala

# സന്ദേശം

ജീവനക്കാരുടെ സർഗാത്മകത പരിപോഷിപ്പിക്കുക വഴി അവരുടെ പ്രവർത്തനക്ഷമത വർധിപ്പിക്കാനും വെല്ലുവിളികളെ ക്രിയാത്മകമായി അഭിമുഖീകരിക്കുന്നതിന് അവരെ സജ്ജരാക്കാനും കഴിയും.

ഇതു മനസിലാക്കിയാണ് സപ്ലൈകോയുടെ പ്രവർത്തനങ്ങൾ കാലോചിതമായി നവീകരിക്കുന്നതിനൊപ്പം ജീവനക്കാരുടെ സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രാധാന്യം നൽകുന്നത്.

സപ്ലൈകോ ജീവനക്കാരുടെ രചനകൾ ഉൾപ്പെടുന്ന 'അനുഭൂതി' എന്ന ഈ ഡിജിറ്റൽ മാസിക അതിന് ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിലേക്ക് രചനകൾ നൽകിയ ജീവനക്കാരെ പ്രത്യേകമായി അഭിനന്ദിക്കുന്നു.

ശ്രീറാം വെങ്കിട്ടരാമൻ
ജനറൽ മാനേജർ

## Editorial Board

**Sri. Satheesh R.N**
AGM (Finance)
Supplyco Head Office

**Sri. Liston Periera**
Company Secretary
Supplyco Head Office

**Sri. Ahammed Shafi H.**
Assistant Manager, HRD
Supplyco Head Office

**Smt. Kala K.**
Public Relations Officer
Supplyco Head Office

## Patron

**Dr. Sanjeeb Kumar Patjoshi IPS**
Chairman & Managing Director
Supplyco

Thoughts, opinions expressed in the articles of this digital magazine belong solely to the respective authors, not of the organization.

SUPPLYCO Anubhoothi

# Content


6
സപ്ലൈകോ ആർക്കൈവ്സ്

7
Best Performer OICs

8
ഔട്‌ലെറ്റുകൾ പുതിയത്

9
एक बार फिर से
Hindi Poem

10
FEDER-ERA

11
കാഴ്ച്ച

12
Paintings

13
മലയാളനാട്
കവിത

14
രാഗം ഭാവം ലയം
രവീന്ദ്ര സംഗീതം

17
തിരിച്ചറിവ്
കവിത

18
അഹം

19
Paintings

20
വൃദ്ധസദനം
കവിത

21
യുദ്ധം
കവിത

22
Paintings

23
പേരില്ലാത്ത പാട്ട്
കവിത

24
The Needles and Words
Poem

25
വാക്ക്, ഭ്രാന്ത്, നിദ്ര
കവിത

26
നോവ്
കവിത

27
തിരക്കിൽ ജീവിതം മറന്നവർ
(ഒറ്റയ്ക്കൊരുത്തി )

# സപ്ലൈകോ ആർക്കൈവ്സ്





ഭക്ഷ്യ പൊതുവിതരണ രംഗത്ത് നാല്പതിലധികം വർഷം പിന്നിട്ട സ്ഥാപനമെന്ന നിലയിൽ ചരിത്ര പ്രാധാന്യവും പഠനവും അർഹിക്കുന്ന പല രേഖകളും ഉപകരണങ്ങളും സപ്ലൈകോയിലുണ്ട്. ഇവ ഇനി പൊതുജനങ്ങൾക്കും കണ്ടറിയാം. സപ്ലൈകോ ആർക്കൈവ്സിന്റെ ഉദ്ഘാടനം നവംബർ 18ന് ഭക്ഷ്യ പൊതുവിതരണ മന്ത്രി അഡ്വക്കേറ്റ് ജി.ആർ. അനിൽ കടവന്ത്രയിലെ സപ്ലൈകോ കേന്ദ്ര കാര്യാലയത്തിൽ നിർവഹിച്ചു.

48 വർഷം പിന്നിട്ട സപ്ലൈകോ സമീപ കാലത്ത് നടത്തിയ ശ്രദ്ധേയ ചുവടുവയ്പുകളുമായി ബന്ധപ്പെട്ട ഫോട്ടോകൾ, ശാസ്ത്രീയ സംഭരണ മാതൃകകൾ, ഗുണനിലവാര പരിശോധന ഉപകരണങ്ങൾ തുടങ്ങിയവയാണ് ആർക്കൈവ്സിലുള്ളത്. ഓഗസ്റ്റ് 25ന് പ്രവർത്തനമാരംഭിച്ച സപ്ലൈകോ റിസർച്ച് ആൻഡ് ട്രെയിനിംഗ് അക്കാദമിയുടെ പ്രവർത്തനം കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായാണ് ആർക്കൈവ്സ് സജ്ജീകരിച്ചത്.

ഭക്ഷ്യവസ്തുക്കളുടെ ശാസ്ത്രീയ സംഭരണ രീതികളും ഗുണനിലവാര പരിശോധനാ നടപടികളും സപ്ലൈകോ ജീവനക്കാർക്കും പൊതുജനങ്ങൾക്കും പരിചിതമാക്കുന്നതിനായാണ് ആർക്കൈവ്സ് തയ്യാറാക്കിയിരിക്കുന്നതെന്ന് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോക്ടർ സഞ്ജീവ് പട്ജോഷി അറിയിച്ചു.

കോന്നി കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റിലും സപ്ലൈകോയിലും ഉപയോഗിച്ചിരുന്ന ഉപകരണങ്ങളാണ് ഇവിടെ പ്രദർശിപ്പിക്കുന്നത്.

ഭക്ഷ്യധാന്യങ്ങളുടെ ഈർപ്പം പരിശോധിക്കുവാൻ ഉപയോഗിച്ചിരുന്ന ഹോട്ട് എയർ ഓവൻ. രാസ പരിശോധനയുടെ ഭാഗമായി ആഷ് ടെസ്റ്റിന് ഉപയോഗിച്ചിരുന്ന മഫിൾ ഫർണസ്, ഭക്ഷ്യധാന്യങ്ങളുടെ വലിപ്പം പരിശോധിക്കുവാൻ ഉപയോഗിക്കുന്ന ലാബ് സിഫ്റ്ററും സീവ് സെറ്റും, സീഡ് ഗ്രേഡർ, ഹോട്ട് പ്ലേറ്റ്, ഇല്യൂമിനേറ്റഡ് പ്യൂരിറ്റി ബോർഡ് തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

ഭക്ഷ്യധാന്യ സംഭരണത്തിന് വെല്ലുവിളി സൃഷ്ടിക്കുന്ന കീടങ്ങളുടെ മൗണ്ട് ചെയ്ത സാമ്പിളുകളും ഇവയുടെ ജീവിതചക്രവും നിയന്ത്രണ മാർഗങ്ങളും വിശദമാക്കുന്ന വീഡിയോയും പ്രദർശനത്തിനുണ്ട്.

SUPPLYCO Anubhoothi

# Best Performer OICs







## June

**Velmarani Y**
(Junior Assistant)
Super Market,Chavara

**Anil Kumar K**
(Senior Assistant I)
Hyper Market, Gandhi Nagar
Kochi

**Santhosh M P**
(Senior Assistant I)
Peoples Bazar, Panampilly Nagar
Kochi

## July



**Sirajuddeen K I**
(Senior Assistant I)
Peoples Bazar, Ottapalam

## August



**Shahul Hameed K A**
(Senior Assistant I)
Hyper Market, Kottayam

## September& October



**Amansha U**
(Senior Assistant II)
Super Market,Palakkad

## November



**Sobha Peter**
(Senior Assistant II)
Trivandrum Hyper Market



സംസ്ഥാന സിവിൽ സർവ്വീസ് മേളയിലേക്ക് എറണാകുളം ജില്ലാ ഫുട്ബോൾ ടീം ഗോൾകീപ്പറായി തെരഞ്ഞെടുക്കപ്പെട്ട
**ശ്രീ. വിനോദ് കെ സാബു**
(എൻ എഫ് എസ് എ, സപ്ലൈകോ കേന്ദ്ര കാര്യാലയം)

# ഔട്‌ലെറ്റുകൾ പുതിയത്



തിരുവനന്തപുരം കരുമം മാവേലി സൂപ്പർ സ്റ്റോർ ആഗസ്റ്റ് 2ന് ബഹു. ഭക്ഷ്യപൊതുവിതരണ മന്ത്രി അഡ്വ. ജി. ആർ. അനിൽ ഉദ്ഘാടനം ചെയ്യുന്നു.



ജൂലൈ 3ന് നടന്ന കൊയിലാണ്ടി കൂമുള്ളി മാവേലി സ്റ്റോർ ഉദ്ഘാടനം



ആഗസ്റ്റ് 2-ലെ നെയ്യാറ്റിൻകര പോങ്ങിൽ മാവേലി സ്റ്റോർ ഉദ്ഘാടനം



ആഗസ്റ്റ് 3-ലെ നെടുമങ്ങാട് കോട്ടുക്കുന്നം മാവേലി സ്റ്റോർ ഉദ്ഘാടനം



ജൂലൈ 2ന് നടന്ന തലശ്ശേരി കൈതേരി മാവേലി സ്റ്റോർ ഉദ്ഘാടനം



ഒക്ടോബർ 29-ലെ തലശ്ശേരി മാണിക്കടവ് മാവേലി സ്റ്റോർ ഉദ്ഘാടനം

Hindi Poem

# एक बार फिर से

एक बार फिर से
हर एक रास्ते से गुज़री,
पर वो राह जो ,
तेरे घर तक चले ,
वही , वही राह न मिला।
अब भी उस रहगुज़र पर,
जहां तुम हमें छोड़कर चले गए ,
वही पड़ी हूँ मैं , राहो की धूल बनकर ,
तुम्हें खबर हो न हो ।
तुम तो चले गए ,
अपनी बुलन्दियों की ख़ोज में
और दो दिल टूट गए इस सफर में,
एक तुम्हारा और एक हमारा
तुम्हारा दिल तो हमने ,
अभी तक सम्हाला है
अगर चाहिए तो चले आना
एक बार फ़िर ,
एक आंखरी बार फ़िर
अब भी वो राहें हमको पुकार रहे हैं
जिन पर हम दोनों कभी चले थे।
चले आना बस एक आंखरी बार यूही ,
बस यूही मिलने को दिल करता है
बस यूही देखकर ख़ामोशी से मुस्कुराने को
जी करता है।
बस यूही ख़ामोश सफ़र
साथ साथ चलने को जी करता है।
चले आना, बस एक आंखरी बार यूही
बस यूही मिलने को दिल करता है
एक बार फ़िर से ।



**Ramya J**
Junior Assistant
Supplyco Head office

# FEDER-ERA



കായിക താരങ്ങളുടെ വിരമിക്കൽ വളരെ സ്വാഭാവികമായി സംഭവിക്കുന്ന ഒന്നാണ്. പ്രായം കായിക ക്ഷമതയെ കീഴടക്കിതുടങ്ങുമ്പോൾ, ഫോം നഷ്ടപ്പെടുമ്പോൾ, മത്സരരംഗത്തെ അമിത സമ്മർദ്ദം താങ്ങാനാകാതെ വരുമ്പോൾ, തിരിച്ചു വരാനാകാത്ത വിധം പരിക്കേൽക്കുമ്പോൾ - അങ്ങനെ നിരവധി കാരണങ്ങളാൽ ഒരു കായികതാരം വിട പറയുന്നു. എന്നാൽ ഈയടുത്ത് ടെന്നീസിൽ നിന്നും വിരമിച്ച സ്വിസ്സ് താരം റോജർ ഫെഡററുടെ വിരമിക്കൽ സ്വഭാവികമായ ഒന്നായിരുന്നില്ല. എന്തേ അങ്ങനെ?

ഉത്തരം എത്രത്തോളം ലളിതമാണോ അത്രത്തോളം സങ്കീർണ്ണവുമാണ്. ടെന്നീസിൽ 'ബോൾ ബോയ്' ആയിട്ടായിരുന്നു കുഞ്ഞു റോജറിന്റെ തുടക്കം. 1998 ൽ ജൂനിയർ വിമ്പിൾഡൺ ചാമ്പ്യനായതോടെയാണ് ഫെഡററെ ലണ്ടനിലെ സെന്റർ കോർട്ടിലെ പുൽനാമ്പുകൾ പ്രണയിച്ചു തുടങ്ങിയത്.

2001 july 2 ഒരു തിങ്കളാഴ്ചയായിരുന്നു, വിമ്പിൾഡൺ സെന്റർ കോർട്ടിൽ നാലാം റൗണ്ട് പുരുഷ വിഭാഗം മത്സരം നടക്കുന്നു. ഏഴ് തവണ ചാമ്പ്യനായ അമേരിക്കൻ അതികായൻ പീറ്റ് സാംപ്രാസ് തുടർച്ചയായ അഞ്ചാം കിരീടവഴിയിലാണ്. സാംപ്രാസ് തോൽപ്പിക്കുന്നതാരെയെന്നറിയാൻ സെന്റർ കോർട്ട് നിറഞ്ഞിരുന്നു. പ്രായം പത്തൊൻപത്, വെളുത്ത് ഉയരത്തിൽ കറുത്ത പോണിടെയിലോട് കൂടിയ കഴുത്തിൽ കൊന്ത പോലൊരു മരമുത്തുമണിമാലയണിഞ്ഞ ആ സ്വിസ്സ് പയ്യന്റെ പേര് റോജർ... റോജർ ഫെഡറർ! കൊള്ളിയാൻ കണക്കെ പാഞ്ഞ പീറ്റിന്റെ സർവുകൾ പ്രകാശവേഗത്തിൽ തിരികെയെത്തി. റിട്ടേണുകൾ പോയിന്റുകളാകുമ്പോൾ അയാൾ പീറ്റിനെ നോക്കി മുഷ്ടി ചുരുട്ടി, ഡബിൾ ഫൗൾട്ടുകൾക്ക് അയാൾ റാക്കറ്റ് നിലത്തടിച്ചു തകർത്തു. അവസാനം പീറ്റ് സാംപ്രാസ് സെന്റർ കോർട്ടിൽ തല കുനിച്ചു. റോജർ കോർട്ടിൽ മലർന്ന് വീണ് ആകാശം നോക്കി മുഖം പൊത്തി. മറ്റൊരു യുഗപ്പിറവി! ടെന്നീസിൽ മാത്രമല്ല, ലോക കായിക മേഖലയിൽ തന്നെ...

2003 വിമ്പിൾഡൺ ആണ് ഫെഡററുടെ ആദ്യ ഗ്രാൻഡ്സ്ലാം പിന്നീട് 2004, 2005, 2006, 2007, 2009, 2012, 2017 വർഷങ്ങളിൽ വിമ്പിൾഡൺ. 2004, 2006, 2007, 2010, 2017, 2018 വർഷങ്ങളിൽ ഓസ്ട്രേലിയൻ ഓപ്പൺ. 2009 ൽ ഫ്രഞ്ച് ഓപ്പൺ. 2004, 2005, 2006, 2007, 2008 വർഷങ്ങളിൽ US ഓപ്പൺ 20 ഗ്രാൻഡ്സ്ലാം കിരീടങ്ങൾ.. ഇതിൽ 2018 ൽ ഓസ്ട്രേലിയൻ ഓപ്പൺ നെടുമ്പോൾ 36 വയസ്സ് കഴിഞ്ഞിരുന്നു ഫെഡറർക്ക്. ടെന്നീസ് പോലെ കായിക ക്ഷമത ഇത്രമേൽ പരീക്ഷിക്കപ്പെടുന്ന ഒരു വിനോദത്തിൽ മുപ്പത്തിയാറാം വയസ്സിലെ ഗ്രാൻഡ്സ്ലാം എന്നത് ഏറെക്കുറെ അസാധ്യമാണ്. ഇത് നേടുമ്പോൾ ഗ്രാൻഡ്സ്ലാം നേടുന്ന ഏറ്റവും പ്രായം കൂടിയ താരമായി ഫെഡറർ. താൻ ആദ്യ ഗ്രാൻഡ്സ്ലാം നേടുന്ന സമയത്ത് ടെന്നീസ് കോർട്ടിൽ ഉണ്ടായിരുന്ന ഒരു താരം പോലും ഇരുപതാം ഗ്രാൻഡ്സ്ലാം നേടുമ്പോൾ ടെന്നീസ് കളിക്കുകയോ കളിക്കുന്നതിനെ പറ്റി ഒന്ന് ചിന്തിക്കുക പോലുമോ ചെയ്തിരുന്നില്ല..! ഗ്രാൻഡ്ഌാം വിജയങ്ങൾ കൂടാതെ നിരവധി ATP ടൂർണമെന്റ് സിംഗിൾസ് - ഡബിൾസ് വിജയങ്ങൾ, ഒളിമ്പിക് മെഡലുകൾ...237 ആഴ്ചകളാണ് ഫെഡറർ ATP റാങ്കിങ്ങിൽ ഒന്നാം റാങ്കുക്കാരനായി തുടർച്ചയായി നിലനിന്നത്!



ടെന്നീസിൽ ഫെഡററോളം നേടിയവനും ഫെഡററെക്കാൾ നേടിയവനുമുണ്ട്. എന്നിട്ടും അവരുടെ സ്ഥാനം ഫെഡറർക്ക് താഴെയായിരുന്നു, കാരണം അയാൾ ടെന്നീസിന് മാത്രമല്ല ലോക കായിക മേഖലക്ക് തന്നെ പ്രചോദനമായിരുന്നു. അതുകൊണ്ട് കൂടിയാണ് അയാളുടെ വിരമിക്കൽ ചടങ്ങ് അയാളുടെ ഏറ്റവും വലിയ പ്രതിയോഗി റാഫേൽ നഡാലിന്റെ കണ്ണ് നനയിച്ചത്. അതുകൊണ്ട് കൂടിയാണ് സച്ചിൻ വിരമിച്ചപ്പോഴുണ്ടായ അതേ വേദന നമ്മുടെ ഹൃദയത്തിലുമുണ്ടായത്.

നിങ്ങൾക്ക് ഒരു ദീർഘദൂര യാത്രപോകണമെന്നിരിക്കട്ടെ, നിങ്ങൾക്ക് നഡാലിനൊപ്പമൊ ജോക്കോവിചിനൊപ്പമോ ആറുവരിപാതയിലൂടെ അതിവേഗം പറക്കാം. അല്ലെങ്കിൽ ഫെഡററോടൊപ്പം കാട്ടു പാതയിലൂടെ അരുവിയും പുഴയും മലകളും പുൽത്തകിടിയും താണ്ടി പൂക്കളെ തഴുകി പൂമ്പാറ്റകളെ കണ്ട് സാവധാനം നീങ്ങാം....

ക്ഷമിക്കണം.. ഇനി ആ യാത്രയില്ലല്ലോ...അയാളുടെ വലത് കാൽമുട്ട് ദീർഘ യാത്ര ചെയ്യാനാകാത്ത വിധം തളർന്നത്രെ....

തോൽവിയിൽ അയാൾ കരഞ്ഞപ്പോഴും വിജയത്തിൽ അയാൾ ചിരിച്ചപ്പോഴും ഞാൻ പറഞ്ഞതല്ലേ അയാളും മനുഷ്യനാണെന്ന്...



**ഹരിദാസ് കെ**
സീനിയർ അസിസ്റ്റന്റ് II
പി ആർ ഒ സെക്ഷൻ

# കാഴ്ച

കഥ: ഹരി പനങ്ങാട് SA II, സപ്ലൈകോ കേന്ദ്ര കാര്യാലയം

ജാലകവിരി വകഞ്ഞുമാറ്റി ജനാലയുടെ ഒരുപാളി തുറന്നപ്പോൾ തന്നെ താഴെ റോഡിൽ നിയോൺ വിളക്കിൻറെ നരച്ച ഓറഞ്ച് വെളിച്ചത്തിലെ ദൃശ്യങ്ങൾ മീരയ്ക്ക് വ്യക്തമായി തുടങ്ങിയിരുന്നു. ഇരുപത്തിയഞ്ച് വയസ് പ്രായം തോന്നിയ്ക്കുന്ന ഒരു യുവാവ് കൈക്കൂപ്പി നിന്ന് കരയുന്നുണ്ട്. അഞ്ചുപേർ അവൻറെ ചുറ്റും നിൽക്കുന്നുണ്ട്. ഒരു ഓട്ടോറിക്ഷയും രണ്ട് ബൈക്കുകളും നിർത്തിയിട്ടിരിക്കുന്നു. അവൻറെ ഷർട്ടിൻറെ കോളറിൽ ഒരാൾ മുറുക്കെ പിടിച്ചിട്ടുണ്ട്.

അവശേഷിച്ച ഉറക്കവും കുടഞ്ഞെറിഞ്ഞ് നെഞ്ചിടിപ്പോടെ അവൾ താഴേക്ക് തന്നെ നോക്കി നിന്നു. ആ ചെറുപ്പക്കാരൻ ഒരു ട്രാവൽ ബാഗ് ധരിച്ചിരുന്നു. ഓട്ടോറിക്ഷയുടെ ഡ്രൈവറെന്നു തോന്നിയ്ക്കുന്നയാൾ അവൻറെ പോക്കറ്റുകൾ പരതുന്നു. മറ്റൊരാൾ ഫോൺ കൈക്കലാക്കുന്നു.

IT തലസ്ഥാനമെന്ന അഹങ്കാരം പേറിനിൽക്കുന്ന നഗരത്തിൻറെ ഇത്തരം ക്രൂരവശങ്ങളെപ്പറ്റി അവൾ ധാരാളം കേട്ടിരുന്നു. കൺമുന്നിൽ ആദ്യമാണ്. എവിടെനിന്നോ ജോലി തേടി വന്ന യുവാവാകണം കൈകൂപ്പി നിന്ന് യാചിക്കുന്നത്. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ തൊഴുന്നതിനേക്കാൾ ദയനീയമായി മറ്റെന്താണുള്ളത്....?

അവൾ തിരിഞ്ഞ് ബെഡിലേക്കൊന്നു നോക്കി. ജാനി നല്ല ഉറക്കത്തിലാണ്. സ്ക്കൂളിലെ വിശേഷങ്ങൾ എത്ര പറഞ്ഞിട്ടും മതിയാകാതെ എപ്പോഴൊ ഉറങ്ങി പോയതാണ്. അവൾ ഈ നഗരവുമായി ഒട്ടിച്ചേർന്നു കഴിഞ്ഞിരിക്കുന്നു.

ജനാല അടച്ചിട്ട് മീര ബെഡിൽ വന്നിരുന്നു. ഉറക്കത്തിലും ജാനിയുടെ നേത്രഗോളങ്ങൾ ഉരുണ്ടുകളിക്കുന്നു. എന്തോ സ്വപ്നം കാണുകയാകാം. അവൾ മെല്ലെ കിടന്നു.

എത്ര സ്വാഭാവികമായാണ് തൻറെ ജീവിതത്തിൽ ഓരോന്നും സംഭവിച്ചുകൊണ്ടിരിക്കുന്നത്. പ്രണയവും വിവാഹവും വിവാഹമോചനവും വരെ ഒരു ബഹളങ്ങളുമില്ലാതെ എത്രയോ ശാന്തമായി കടന്നുപോയിരിക്കുന്നു.

കോടതി വരാന്തയിൽ തന്നെ ചേർത്തുപിടിച്ച് ഉമ്മവെച്ചിട്ട് മറ്റൊരു കാറിൽ കയറിപ്പോയ പപ്പ ജാനിക്കിപ്പോൾ വാട്ട്സാപ്പ് വീഡിയോ കാളിൽ മുടങ്ങാതെ തെളിയുന്ന ചലനചിത്രം മാത്രമാണ്. എല്ലാ വിശേഷങ്ങളും പപ്പയോടും പറയാറുണ്ട് അവൾ. ഫോണെടുത്ത് തനിയെ വിളിയ്ക്കാനൊക്കെ പഠിച്ചിരിക്കുന്നു.

ജാനിയും എത്രമേൽ സ്വാഭാവികമായാണ് തങ്ങളുടെ വേർപിരിയലിനോട് പ്രതികരിച്ചതെന്നോർക്കുമ്പോൾ അമ്പരപ്പ് തോന്നാറുണ്ട് മീരയ്ക്ക്.

ചിന്തകളിലാണ്ട് എപ്പോഴൊ അവൾ ഉറങ്ങിപ്പോയി.

പിറ്റേന്ന് രാവിലെ ജാനിയെ സ്ക്കൂൾ ബസിൽ കയറ്റി വിടാൻ താഴെ എത്തിയപ്പോൾ തലേന്ന് രാത്രി ആ യുവാവും സംഘവും നിന്ന സ്ഥലത്തേക്ക് അവൾ നോക്കി.

ഒരു പഴക്കച്ചവടക്കാരൻ തൻറെ ഉന്തുവണ്ടി നിർത്തിയിട്ട് പഴങ്ങളൊക്കെ വിൽപനയ്ക്കായി അടുക്കിവെയ്ക്കുന്നു.

ഒരു ചെറുപ്പക്കാരൻ തൻറെ ജീവന് വേണ്ടിയാചിച്ച അതേ ഇടം തന്നെ മറ്റൊരാൾക്ക് ജീവിതമാർഗമായി മാറുന്നു.

ഇരുട്ടാണോ എല്ലാത്തിനും കാരണം...?

പകലായിരുന്നെങ്കിൽ ആ യുവാവിന് അങ്ങനെ ഒരു അവസ്ഥ നേരിടേണ്ടി വരില്ലായിരുന്നല്ലോ... ഒരിക്കലും രാത്രികളുണ്ടാകാതിരുന്നെങ്കിൽ ഈ ലോകം കുറച്ചുകൂടി നന്നായേനെ എന്നവൾക്ക് തോന്നി.




പ്രത്യേകിച്ചൊന്നും സംഭവിയ്ക്കാതെ ദിവസങ്ങൾ കടന്നുപോയി.

ജാനിയ്ക്ക് ചെറിയൊരു പനിയുണ്ട്. നേരത്തെ ഉറങ്ങിയിരിക്കുന്നു.

ബാക്കിയുണ്ടായിരുന്ന കുറച്ചു ജോലികൾ കൂടി ചെയ്തു തീർത്തിട്ട് മീര ലാപ്ടോപ്പ് അടച്ചുവച്ചു. നന്നായി ഉറക്കം വരുന്നുണ്ട്.

ഇന്ന് നല്ലൊരു ദിവസമായിരുന്നു.മനസും ശാന്തം. അവൾ ഉറങ്ങാനായി കിടന്നു.വേഗം ഉറങ്ങിപ്പോയി.

വലിയൊരു നിലവിളി തൊണ്ടയിൽ കുരുങ്ങിയതു പോലെ ഒരു ശബ്ദം പുറപ്പെടുവിച്ചുകൊണ്ടാണ് അവൾ ഞെട്ടി ഉണർന്നത്.

നന്നായി കിതക്കുന്നു. വിയർപ്പും പൊടിഞ്ഞിട്ടുണ്ട്.

എന്തൊരു സ്വപ്നമായിരുന്നു അത്...!

നാലഞ്ചാളുകൾ ഒരു യുവാവിനെ പിടിച്ചു നിർത്തി കഠാര കൊണ്ട് പലതവണ കുത്തുന്നു. അയാളുടെ നിലവിളി ശരിക്കും കേട്ടപോലെ അവൾ മുഖത്തെ വിയർപ്പ് തുടച്ചു. അന്നു കണ്ട കാഴ്ച മനസിൽ നിൽക്കുന്നതു കൊണ്ടാകാം ഇങ്ങനെ ഒരു സ്വപ്നം. കണ്ടു കഴിഞ്ഞ കാഴ്ചകളെ ചേർത്ത് വച്ച് ഭാവനാലോകത്ത് വിരിച്ചെടുക്കുന്നതാണ് സ്വപ്നങ്ങൾ എന്ന് എവിടെയോ വായിച്ചത് അവൾ ഓർത്തു. ജാനിയുടെ പുതപ്പ് നേരെയിട്ടിട്ട് ഒരു ഗ്ലാസ് വെള്ളവും കുടിച്ച് മീര ജനാലയ്ക്കരുകിലേക്ക് നീങ്ങി.

വിരിമാറ്റി ഒരു പാളി തിടുക്കമില്ലാതെ തുറന്നിട്ട് വെറുതെ പുറത്തേയ്ക്ക് നോക്കിയിരുന്നു. മഞ്ഞവെളിച്ചം.

ഒന്നു രണ്ട് തെരുവുനായ്ക്കൾ റോഡിൻറെ വശം ചേർന്ന് കിടക്കുന്നു. കുറച്ചു നിമിഷങ്ങൾ കടന്നുപോയി.പെട്ടെന്ന് അവളുടെ കാഴ്ചകളിലേക്ക് ഒരു ജീപ്പ് വന്നു നിന്നു. തെരുവ് നായ്ക്കൾ എഴുന്നേറ്റ് ഓടിപ്പോയി. അവൾ പകപ്പോടെ നോക്കി. ജീപ്പിൻറെ പുറകിലെ വാതിൽ തുറന്ന് കുറച്ചുപേർ പുറത്തിറങ്ങി. അവർ അവശനായ ഒരാളെ താങ്ങിപിടിച്ചിട്ടുണ്ട്. അയാളുടെ ഷർട്ടിൻറെ പകുതി കീറിതൂങ്ങികിടക്കുന്നു.

അവളൊന്നു ഞെട്ടി.

അവർ അയാളോട് കൈചൂണ്ടി എന്തൊക്കെയോ പറയുന്നു. ഒരാൾ മുഖത്തടിക്കുന്നു. തൊട്ടടുത്ത കാഴ്ച അവളെ മരവിപ്പിച്ചുകളഞ്ഞു. രണ്ടുപേർ അയാളെ ജീപ്പിൻറെ വശത്തേക്ക് ചേർത്ത് പിടിച്ചു നിർത്തുന്നു. അവൻറെ മുൻപിൽ നിൽക്കുന്നയാൾ തൻറെ ഷർട്ടിൻറെ ഉള്ളിൽ നിന്ന് എന്തോ പുറത്തെടുക്കുന്നു. നീളമുള്ള തിളങ്ങുന്ന കഠാര...! അവൾക്ക് കാഴ്ച മറയുന്നതുപോലെ തോന്നി. ജനൽകമ്പികളിൽ പിടിച്ചിരുന്ന കൈകൾ വിറയ്ക്കാൻ തുടങ്ങി. താൻ കണ്ട സ്വപ്നം. അതു സ്വപ്നം തന്നെ ആയിരുന്നില്ലെ....? അതോ താൻ ഇപ്പോഴും സ്വപ്നത്തിലാണോ. അവൾക്ക് ശരീരമാകെ ഒരു വിറ പടർന്നു. ബലം നഷ്ടപ്പെട്ടു തുടങ്ങിയ കൈകൾ വല്ലവിധേനയും വലിച്ചെടുത്ത് ജനൽപാളി വലിച്ചടച്ചു. ആ സ്വപ്നം പൂർത്തിയാകാൻ പാടില്ല. ആ ജാലകം ഇനി ഒരു കാഴ്ചകളിലേക്കും തുറക്കരുതെന്നുറപ്പിച്ച് കൊണ്ട് കൊളുത്തുകളിട്ട് കർട്ടനും വലിച്ചിട്ടു.

തിരികെ ബെഡിൽ വന്നു കിടന്നു. വിറ മാറിയിട്ടില്ല. അവൾ ജാനിയുടെ നെറ്റിയിൽ ഒന്നു തൊട്ടു. ജാനിക്കരികിലേക്ക് കൂടുതൽ ചേർന്നുകിടന്നു കൊണ്ട് കാണരുതാത്ത സ്വപ്നങ്ങളിലേക്കും കാഴ്ചകളിലേക്കും തുറക്കാതിരിക്കാനെന്ന വണ്ണം കണ്ണുകൾ ഇറുക്കിയടച്ചു.

ഏതോ സ്വപ്നങ്ങളുടെ ഓളങ്ങളിൽപ്പെട്ടതുപോലെ ജാനിയുടെ കൃഷ്ണമണികൾ അപ്പോഴും തെന്നിക്കളിക്കുന്നുണ്ടായിരുന്നു.

# Paintings



**ഹരി പനങ്ങാട്**
SA II
സപ്ലൈകോ കേന്ദ്ര കാര്യാലയം





**Gopika.P.P**
D/o Unnikrishnan.K.V
Senior Assistant I
Supplyco Regional Office,
Kozhikode





Poem

# മലയാളനാട്

മലയാള നാടിത് പുണ്യനാട്
എൻ ജന്മഭൂമി പുണ്യഭൂവ്
ആരും കൊതിക്കുന്ന ഭൂപ്രകൃതി
ഹരിതാഭ നിറയും നാടിതല്ലോ
പച്ചയുടുത്തോരു പാടങ്ങൾ
നെൻമണി കസവിൽ വിളങ്ങിടുന്നു
ദൈവത്തിൻ സ്വന്തം നാടിതല്ലോ
മലയാള നാടിത് പുണ്യനാട്

മാടിവിളിക്കും മലനിരകൾ
കാറ്റു തഴുകും കാനനങ്ങൾ
വെള്ളിക്കൊലുസിട്ട് തുള്ളിക്കളിക്കും
പനിനീരരുവികൾ മോഹിനികൾ
തീരത്തെത്തഴുകി തഴുകി എന്നും
അലകൾ ഞൊറിഞ്ഞുടുത്തെത്തുമല്ലോ
പുഴകളും പുണ്യനർത്തകിമാർ
വശ്യമനോഹരമീ നാട്
എൻ ജന്മനാടിത് പുണ്യനാട്
മലയാള നാടിത് പുണ്യനാട്

വീരന്മാർ വാണൊരു നാടിതല്ലോ
വീരചരിതവും ഉണ്ടല്ലോ
ഈ നാടിൻ ജന്മനാൾ ഇന്നല്ലോ
ഏകാമനേകമാശംസകൾ
നവംബർ ഒന്നിന്റെ ആശംസകൾ
സ്വാതന്ത്ര്യത്തിൻ ആശംസകൾ

അഞ്ജലീബദ്ധയായ് നിന്നിടുന്നു
മാതൃഭൂമിയെ വണങ്ങിടുന്നു



**അശ്വതി അമ്മാൾ കെ. ആർ**
ഓഡിറ്റ് വിഭാഗം
സപ്ലൈകോ കേന്ദ്ര കാര്യാലയം



# രാഗം ഭാവം ലയം രവീന്ദ്ര സംഗീതം

**ഗിരിഷ് മോൻ ടി കെ (GIRISH AMBIKA)**
സീനിയർ അസിസ്റ്റൻറ് (SA I)
പർച്ചേസ് വിഭാഗം, സപ്ലൈകോ കേന്ദ്ര കാര്യാലയം, കൊച്ചി



ആരാണ് മാസ്റ്റർ?. ആ പദത്തിന് സവിശേഷമായ നിർവ്വചനങ്ങൾ പൂർവ്വസൂരികൾ മുൻപ് രേഖപ്പെടുത്തിയിട്ടുണ്ടോ ? . ലളിതമായ അർത്ഥത്തിൽ പറഞ്ഞാൽ എന്തെങ്കിലും വിശേഷപ്പെട്ട മേഖലയിൽ കഴിവ് തെളിയിച്ച പുതിയ വ്യാകരണങ്ങൾ ചമച്ച പ്രതിഭകളെയാണ് മാസ്റ്റർ എന്ന് പൊതുവായി സംബോധന ചെയ്തു വരുന്നത്. ശാസ്ത്രീയ സംഗീതത്തിലെ ആഴവും പരപ്പും തൊട്ടറിഞ്ഞ കുളത്തൂർപുഴ രവി എന്ന സാക്ഷാൽ മാധവൻ രവീന്ദ്രൻ ' മാസ്റ്ററെ ' കുറിച്ചാണ് പറഞ്ഞു വരുന്നത്.

കൊല്ലം ജില്ലയിലെ കുളത്തൂർപുഴ എന്ന ഗ്രാമത്തിൽ മാധവൻ - ലക്ഷ്മി ദമ്പതികളുടെ ഏഴാമത്തെ പുത്രനായി 1943 ൽ ജനിച്ച രവീന്ദ്രന് ദാരിദ്ര്യവും വിശപ്പും നിറഞ്ഞ ബാല്യകാലത്ത് ഹൃദയത്തിൽ അലിഞ്ഞു ചേർന്ന സംഗീതം മാത്രമായിരുന്നു ആശ്വാസം. സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം സ്വാതി തിരുനാൾ കോളേജിൽ പ്രവേശനം ലഭിച്ചതും ഗായകൻ യേശുദാസുമായുള്ള കാലം കാത്തു വെച്ച കണ്ടുമുട്ടലും തുടർന്ന് ഗായകൻ ആകുവാൻ തീവ്രമായി മോഹിച്ച് പഴയ മദ്രാസിലേക്ക് വണ്ടി കയറിയതും അലഞ്ഞതും മൂന്ന് ദിവസം പട്ടിണി കിടന്ന് പൈപ്പ് വെള്ളം കുടിച്ചതും ഡബ്ബിംഗ് ആർട്ടിസ്റ്റ് ആയി ജീവിതം തള്ളി നീക്കിയതും ഒക്കെ നമ്മൾ കേട്ടു പഴകിയ കാര്യങ്ങൾ ആയതു കൊണ്ട് ഈ വിഷയങ്ങളിൽ നിന്നും വ്യതിചലിക്കുന്നു.

രവീന്ദ്രൻ മാസ്റ്റർക്ക് പറയത്തക്ക യാതൊരു സംഗീത ഉപകരണങ്ങളും വായിക്കാൻ അറിയില്ല എന്ന് ഒരിക്കൽ ചെന്നൈയിൽ വെച്ച് ഒരു പ്രശസ്ത സംഗീതജ്ഞൻ എന്നോട് പറയുകയുണ്ടായി. ഓർക്കസ്ട്ര നൊട്ടേഷൻസ് എഴുതാൻ അദ്ദേഹത്തിന് അറിയില്ല എന്നത് എടുത്ത് പറയേണ്ടതാണ്. ഇതൊന്നും അറിയാത്ത ഒരാൾ എങ്ങനെ ഇത്ര മനോഹരമായ ഗാനങ്ങൾ ചിട്ടപ്പെടുത്തി എന്നതും ശ്രദ്ധിക്കേണ്ടതാണ്. അവിടെയാണ് ശാസ്ത്രീയ സംഗീതം എന്ന മഹാസാഗരം മാത്രം കൈമുതൽ ആയുള്ള രവീന്ദ്രനെ അറിയേണ്ടത്. തനിക്ക് സ്കോർ ചെയ്യാനൊന്നും അറിയില്ല എന്ന് രവീന്ദ്രൻ മാസ്റ്റർ തന്നെ ഒരു അഭിമുഖത്തിൽ പറഞ്ഞിട്ടുണ്ട്. തനിക്ക് പ്രാപ്യമായതും അപ്രാപ്യമായതും ആയ കാര്യങ്ങളെ കുറിച്ച് അദ്ദേഹത്തിന് വ്യക്തമായ ധാരണ ഉണ്ടായിരുന്നു.താൻ ചിട്ടപ്പെടുത്തുന്ന ഗാനങ്ങളുടെ പശ്ചാത്തല സംഗീതത്തിൽ പോലും താൻ ചിട്ടപ്പെടുത്തിയ സ്വര സ്ഥാനങ്ങൾ തന്നെ വേണമെന്ന് അദ്ദേഹത്തിന് നിർബന്ധം ഉണ്ടായിരുന്നു.അദ്ദേഹം പാശ്ചാത്യ സംഗീതം പഠിക്കാൻ കൂട്ടാക്കിയില്ല എന്നതാണ് വിമർശകർ ഉന്നയിക്കുന്ന ഒരു ചോദ്യം. അതിനുള്ള ഉത്തരം ആ ഗാനങ്ങൾ മാത്രമാണ്.

രവീന്ദ്രൻ മാസ്റ്ററെ കുറിച്ച് പൊതുവായ ചർച്ചകളിൽ ആളുകൾ പരാമർശിക്കുന്ന ഗാനങ്ങൾ ഏഴു സ്വരങ്ങളും , പ്രമദവനം , ഹരിമുരളീ രവം എന്നിവയൊക്കെയാണ്. പക്ഷെ 'ചൂള':മുതൽ ഏതാണ്ട് 'വടക്കും നാഥൻ' വരെയുള്ള ചിത്രങ്ങളിലെ ഗാനങ്ങൾ പരിശോധിച്ചാൽ അതിനുമപ്പുറം രവീന്ദ്രൻ എന്ന മാസ്റ്ററുടെ കയ്യൊപ്പു പതിഞ്ഞ ഗാനങ്ങൾ നമുക്ക് കാണുവാൻ സാധിക്കും. എണ്ണിയാൽ ഒടുങ്ങാത്ത മനോഹരമായ ഗാനങ്ങൾ. താൻ ചിട്ടപ്പെടുത്തുന്ന ഗാനങ്ങളുടെ പശ്ചാത്തലത്തിൽ തനത് സംഗീതോപകരണങ്ങൾ തന്നെ വേണമെന്ന് അദ്ദേഹത്തിന് നിർബന്ധം ഉണ്ടായിരുന്നു. 'പ്രോഗ്രാമിംഗ്' അതിപ്രസരം കൊണ്ട് പൊറുതി മുട്ടിയ ഈ കാലത്ത് രവീന്ദ്രൻ മാസ്റ്ററെ പോലുള്ള സംഗീതജ്ഞർ നൽകിയ ഗാനങ്ങൾ കേൾക്കുമ്പോൾ അത് ഏതൊരു സംഗീത ആസ്വാദകനും ബോധ്യപ്പെടുന്ന ഒന്നായി മാറുന്നു. ഉപ്പു തൊട്ടു കർപ്പൂരം വരെയുള്ള സംഗീത ഉപകരണങ്ങൾ ഇന്ന് പ്രോ ടൂൾസ് സോഫ്റ്റ് വെയറുകളിൽ നിന്ന് സൃഷ്ടിക്കാവുന്ന കാലഘട്ടത്തിൽ അന്ന് മാസ്റ്ററെ പോലുള്ള സംഗീതജ്ഞർ അനുഭവിച്ച ത്യാഗവും സമർപ്പണവും കാണാതെ പോകരുത്. 'വീണ വേണ്ട സ്ഥലത്ത് വീണ തന്നെ വേണം' എന്ന് ഒരിക്കൽ ഇതേ പ്രതി മാസ്റ്റർ അഭിപ്രായപ്പെടുകയുണ്ടായി. മാസ്റ്ററുടെ കരിയറിലെ സുവർണ്ണ കാലഘട്ടത്തിലെ ആ ഗാനങ്ങൾ തന്നെയാണ് അതിനുള്ള ദൃഷ്ടാന്തം. സിന്ദൂര സന്ധ്യക്ക് മൗനം , ഇടവാ കായലിൻ അയൽക്കാരി , നാണമാകുന്നോ മേനി നോവുന്നോ , തേനും വയമ്പും , രാജീവം വിടരും നിൻ മിഴികൾ , ഇനിയും വസന്തം പാടുന്നു , പുഴയോരഴകുള്ള പെണ്ണ് , ചിരിയിൽ ഞാൻ കേട്ടു , ആലോലം ചാഞ്ചാടും , മാനം പൊന്മാനം കതിർ ചൂടുന്നു , നീലക്കുറിഞ്ഞികൾ പൂക്കുന്ന വീഥിയിൽ , ഒരു സ്വപ്ന ഹംസം , ധനുമാസ കുളിരലകൾ , നീലാകാശം നിഴലാടുന്നു , തുഷാരമുതിരുന്നു , പുടവ ഞൊറിയും പുഴതൻ , ആകാശ നീലിമ മിഴികളിൽ , സുഖമോ ദേവി , ശ്രീലതികകൾ , പൂവേണോ പൂവേണോ , വാനമ്പാടി ഏതോ , കൊഞ്ചി കൊഞ്ചി മൊഴിഞ്ഞതും , മേടമാസ പുലരി കായലിൽ , ഏതോ കിളി നാദമെൻ കരളിൽ , വികാര നൗകയുമായ് , പുലരേ പൂങ്കോടിയിൽ , ആലില മഞ്ചലിൽ , പൊയ്കയിൽ കുളിർ പൊയ്കയിൽ , അറിവിൻ നിലാവേ , സായന്തനം ചന്ദ്രികാ , പ്രേമോദാരനായ് , മകളെ പാതി മലരേ , മൊഴിയഴകും , ഗംഗേ നീ പറയല്ലേ , പത്ത് വെളുപ്പിന് , മഴ പെയ്തു മാനം , പറയൂ ഞാൻ എങ്ങനെ പറയേണ്ടു , എന്തേ മുല്ലേ പൂക്കാത്തൂ വാർതിങ്കളാൽ മാറിൽ , ദീനദയാലോ രാമാ , കാർമുകിൽ വർണ്ണന്റെ , കളഭം തരാം, വാർമുകിലെ തുടങ്ങി എത്രയെത്ര ഗാനങ്ങൾ ..........



വ്യക്തിപരമായി ഏറെ ഇഷ്ടപ്പെട്ട 6 ഗാനങ്ങളെ കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്.



**************************************************

**ഏറെ പ്രിയപ്പെട്ട 6 ഇഷ്ട ഗാനങ്ങൾ**

**************************************************

( 1 ) മനസ്സേ നിൻറെ മണി നൂപുരങ്ങൾ ഇന്നെന്തേ മാറ്റി വെച്ചൂ

ചിത്രം : വെറുതെ ഒരു പിണക്കം (1984)
സംവിധാനം / ഗാനരചന : സത്യൻ അന്തിക്കാട്
ആലാപനം : കെ ജെ യേശുദാസ്
രാഗം : ശുദ്ധസാവേരി
ഓർക്കെസ്ട്രാ സഹായി : ജയശേഖർ
പിന്നണി സംഗീതജ്ഞർ : ഫ്ലൂട്ട് : നെപ്പോളിയൻ , തബല : ലക്ഷ്മൺ & തുളസി , സന്തൂർ & ഹാർപ്പ് : രാജു , വൈബ്രഫോൺ : മംഗള മൂർത്തി, സിത്താർ : കൃഷ്ണ
ശബ്ദലേഖനം : അമീർ ( തരംഗിണി , മദ്രാസ് )

രവീന്ദ്രൻ മാസ്റ്ററുടെ ആദ്യകാല ഗാനങ്ങളിൽ ഒരു പക്ഷെ അധികം ചർച്ച ചെയ്തു കണ്ടിട്ടില്ലാത്ത മനോഹരമായ ഒരു ഗാനം. ശ്രോതാക്കളെ ഗൃഹാതുരത്വം നിറഞ്ഞ നനുത്ത ഓർമ്മകളിലേക്ക് നയിക്കുന്ന ഈ ഗാനം വളരെ മനോഹരമായിട്ടാണ് സത്യൻ അന്തിക്കാട് ചിത്രീകരിച്ചിട്ടുള്ളത്. ശുദ്ധസാവേരിയിൽ രവീന്ദ്രൻ ചിട്ടപ്പെടുത്തിയ ഈ ഗാനത്തിന്റെ ലാളിത്യം സംഗീത വിദ്യാർത്ഥികൾ പഠിക്കേണ്ടതാണ്.

********************************************************************************************

( 2 ) മാമാങ്കം പലകുറി കൊണ്ടാടി നിളയുടെ തീരങ്ങൾ

ആൽബം : വസന്തഗീതങ്ങൾ (1984 )
ഗാനരചന : ബിച്ചു തിരുമല - ആലാപനം : കെ ജെ യേശുദാസ്
രാഗം : ജയമനോഹരി
ശബ്ദലേഖനം : ബാലകൃഷ്ണൻ & കരുണാകരൻ ( തരംഗിണി സ്റ്റുഡിയോ , തിരുവനന്തപുരം )

'മാമാങ്കം പലകുറി കൊണ്ടാടി' രൂപപ്പെട്ട പിന്നാമ്പുറ കഥകൾ ഒരിക്കൽ രവീന്ദ്രൻ മാസ്റ്റർ തന്നെ പറഞ്ഞത് ഓർക്കുന്നു. ഈ ഗാനത്തിലെ ആരംഭത്തിൽ യുദ്ധഭൂമിയിലെ ആക്രോശവും ശബ്ദങ്ങളും നിറഞ്ഞ ഒരു ഫീൽ തരുന്ന ഇഫക്ട്സ് ആവശ്യമായിരുന്നു. അക്കാലത്ത് സൗണ്ട് ഇഫക്ട്സ് അത്തരത്തിൽ ഉപയോഗിക്കുന്നതിന് വലിയ ചെലവ് ഉണ്ടായിരുന്നതിനാൽ മറ്റൊരു വഴി നോക്കേണ്ടതായി വന്നു. തരംഗിണി സ്റ്റുഡിയോയുടെ അടുത്ത് തന്നെയുള്ള ഗണപതി കോവിലിൽ വഴിപാട് ആയി ഉടച്ച തേങ്ങയുടെ ചിരട്ടകളും , സ്റ്റുഡിയോയുടെ മെസ്സിൽ ഉണ്ടായിരുന്ന ഗ്ലാസുകളും, പ്ളേറ്റും, സ്പൂണുകളും സംഘടിപ്പിക്കുക എന്നതായിരുന്നത്രെ മാസ്റ്ററുടെ ബുദ്ധിയിൽ ഉദിച്ച ആ കുറുക്കുവഴി. നമ്മൾ ഗാനത്തിലെ തുടക്കത്തിൽ കേൾക്കുന്ന ആ ' ഇഫക്ട്സ് ' മാസ്റ്ററുടെ മേൽനോട്ടത്തിൽ തരംഗിണിയിലെ വിരുതന്മാരായ ആർട്ടിസ്റ്റുകൾ രൂപപ്പെടുത്തിയതാണ്. ' അതിസമർത്ഥനായ' ബിച്ചു തിരുമലയുടെ വരികൾ എഴുത്തിലെ മഴവില്ല് വിരിയിച്ചപ്പോൾ ഈ പാട്ടിന് വേണ്ടി പക്കമേളം വായിച്ചത് സ്വാതി തിരുനാൾ കോളേജിൽ രവീന്ദ്രന് സംഗീതാമൃതം പകർന്നു നൽകിയ ഗുരുക്കന്മാർ ആയിരുന്നു എന്നത് ജന്മ സുകൃതം.

********************************************************************************************

( 3 ) ചന്ദന മണിവാതിൽ പാതി ചാരി

ചിത്രം : മരിക്കുന്നില്ല ഞാൻ ( 1988 )
സംവിധാനം : പി കെ രാധാകൃഷ്ണൻ - ഗാനരചന : എഴാച്ചേരി രാമചന്ദ്രൻ
ആലാപനം : ജി വേണുഗോപാൽ & ആർ .ഉഷ
രാഗം : ഹിന്ദോളം
പിന്നണി സംഗീതജ്ഞർ : ഫ്ലൂട്ട് : വി സി ജോർജ്ജ് , സോളോ വയലിൻ : ബി ശശികുമാർ , മൃദംഗം : ആർ .വൈദ്യനാഥൻ
ശബ്ദലേഖനം : ബാലകൃഷ്ണൻ & കരുണാകരൻ ( തരംഗിണി സ്റ്റുഡിയോ , തിരുവനന്തപുരം )

'ചന്ദന മണി വാതിൽ' എന്ന പാട്ട് കമ്പോസ് ചെയ്ത സമയത്തെ ഒരു ദുരനുഭവത്തെ കുറിച്ച് രവീന്ദ്രൻ മാസ്റ്റർ പറഞ്ഞിട്ടുണ്ട്. ഈ ഗാനം ചിട്ടപ്പെടുത്തിയത് തിരുവനന്തപുരത്ത് തന്നെയുള്ള കീർത്തി ലോഡ്ജിൽ വെച്ചായിരുന്നു . കമ്പോസ് ചെയ്യുന്ന റൂമിൽ രൂക്ഷമായ ദുർഗന്ധം വ്യാപിച്ചതിനെ തുടർന്ന് ഹോട്ടൽ ജീവനക്കാർ നടത്തിയ അന്വേഷണത്തിൽ രണ്ടു മൂന്നു ദിവസമായി അടഞ്ഞു കിടന്ന തൊട്ടടുത്ത മുറിയിൽ നിന്നും ആത്മഹത്യ ചെയ്ത ഒരാളുടെ അഴുകിയ മൃതദേഹം കണ്ടെടുക്കുകയുണ്ടായി. 'ചന്ദനമണി വാതിൽ' പിറവിയെടുത്തത് ആ രൂക്ഷമായ ഗന്ധം ശ്വസിച്ചു കൊണ്ടാണ് . പ്രഗത്ഭരായ വിസി ജോർജ്ജ് , ബി ശശികുമാർ , ആർ .വൈദ്യനാഥൻ എന്നിവരായിരുന്നു പിന്നണിയിൽ. പ്രശസ്തമായ ആ ബിറ്റ് ഒരിക്കൽ ജോർജ്ജ് മാസ്റ്ററുടെ വീട്ടിൽ പോയപ്പോൾ മാസ്റ്റർ എനിക്ക് വായിച്ചു കേൾപ്പിക്കുകയുണ്ടായി.

********************************************************************************************

( 4 ) പ്രമദവനം വീണ്ടും ഋതുരാഗം ചൂടി

ചിത്രം : ഹിസ് ഹൈനസ് അബ്ദുള്ള ( 1990 )
സംവിധാനം : സിബി മലയിൽ - ഗാനരചന : കൈതപ്രം - ആലാപനം : യേശുദാസ്
ഓർക്കെസ്ട്രാ സഹായി : സമ്പത്ത് സെൽവം
രാഗം : ജോഗ്
പിന്നണി സംഗീതജ്ഞർ : തബല : ബാലൻ , പ്രദീപ് & രഞ്ജിത്ത് - മൃദംഗം : കെ വി പ്രസാദ് - വീണ : ആർ .പാർത്ഥസാരഥി - ഫ്ലൂട്ട് : നവീൻ - സോളോ വയലിൻ : കല്യാൺ സുന്ദരം
ശബ്ദലേഖനം : കൃഷ്ണസ്വാമി സമ്പത്ത് ( എ .വി.എം RR സ്റ്റുഡിയോ , മദ്രാസ് )

ഈ പാട്ടിനെ കുറിച്ച് വളരെ രസകരമായ ഒരു കാര്യം എന്നോട് പറഞ്ഞിട്ടുള്ളത് ബാലേട്ടനാണ് (തബലിസ്റ്റ് വടകര ബാലൻ ) . എൺപതുകളുടെ അവസാനം രവീന്ദ്രൻ മാസ്റ്ററുടെ കരിയറിൽ എടുത്ത് പറയത്തക്ക ശ്രദ്ധേയമായ ഹിറ്റുകൾ ഒന്നും ഇല്ലാത്ത ഒരു സമയം ആണ്.

തൊണ്ണൂറുകളുടെ ആരംഭം അക്ഷരാർത്ഥത്തിൽ മാസ്റ്ററുടെ ഒരു പുതിയ യുഗ പിറവി തന്നെ ആയിരുന്നു . ഏയ് ഓട്ടോ , ലാൽ സലാം , ഹിസ് ഹൈനസ് അബ്ദുള്ള  തുടങ്ങിയ ശ്രദ്ധേയമായ ചിത്രങ്ങൾ. ആദ്യം കമ്പോസിംഗ് ആരംഭിച്ചതും ഹിസ് ഹൈനസ് തന്നെ ആയിരുന്നു. ഒരു ദിവസം രാവിലെ ബാലേട്ടന്റെ വടപളനിയിൽ ഉള്ള കൊച്ചു വീട്ടിലേക്ക് അപ്രതീക്ഷിത അതിഥി ആയി രവീന്ദ്രൻ മാസ്റ്റർ കടന്നു വരുന്നു. ' ഡാ ബാലാ'  എന്ന് നീട്ടിയുള്ള സ്വതസിദ്ധമായ ശൈലിയിൽ ഉള്ള വിളി. തലേ ദിവസത്തെ റെക്കോർഡിംഗ് കഴിഞ്ഞുള്ള മദ്യപാന ആഘോഷം കഴിഞ്ഞ് കെട്ട് വിട്ടു മാറാത്ത ബാലേട്ടനെയും തൂക്കിയെടുത്ത് നേരെ എ വി എം ആർ ആർ - ലേക്ക്. തബല വായിക്കുമ്പോൾ സത്യത്തിൽ താൻ പാതി 'കിക്കിൽ' ആയിരുന്നു എന്നും ഈ പാട്ട് ഇത്രയും പ്രശസ്തമാവും എന്ന് സ്വപ്നത്തിൽ പോലും കരുതിയില്ല എന്നും ബാലേട്ടൻ പറയുകയുണ്ടായി.

*************************************************************************************************

( 5 ) യാത്രയായ് വെയിലൊളി നീളുമെൻ നിഴലിനെ

ചിത്രം : ആയിരപ്പറ  ( 1993 )
സംവിധാനം : വേണു നാഗവള്ളി -  ഗാനരചന : കാവാലം  ആലാപനം : യേശുദാസ് & അരുന്ധതി
രാഗം : ചാരുകേശി
ഓർക്കെസ്ട്രാ സഹായി :  നരഹരി സത്യനാരായണ ഷെട്ടി
പിന്നണി സംഗീതജ്ഞർ : കീ ബോർഡ് : എസ് പി ഈശ്വർ റാവു , ഗിറ്റാർ : ഗുരു & ഡേവിഡ് , തബല : ബാലൻ & തുളസി , ധോലക്ക് : പ്രദീപ് & ജയരാജ് , താളവാദ്യങ്ങൾ : വേദ & രമണ , ഫ്ലൂട്ട് : നവീൻ , വീണ : ആർ .പാർത്ഥസാരഥി , സിത്താർ : കൃഷ്ണകുമാർ
ശബ്ദലേഖനം : എ ആർ സ്വാമിനാഥൻ ( കോതണ്ഡപാണി സ്റ്റുഡിയോ , മദ്രാസ് )

രവീന്ദ്രൻ മാസ്റ്ററുടെ മാസ്റ്റർപീസ് ഗാനങ്ങളുടെ ഒരു ലിസ്റ്റ് എടുത്താൽ തീർച്ചയായും ഇടം പിടിക്കേണ്ട ഗാനമാണ് ' യാത്രയായ് വെയിലൊളി' . ചാരുകേശിയിൽ തീർത്ത ഈ ഗാനം വളരെ മനോഹരമായിട്ടാണ് മാസ്റ്റർ കമ്പോസ് ചെയ്തിരിക്കുന്നത് .  ഓർക്കസ്ട്രേഷൻ സൗന്ദര്യമാണ് ഈ ഗാനം വീണ്ടും വീണ്ടും കേൾക്കുവാൻ ആസ്വാദകർക്ക് പ്രേരണ നൽകുന്നത്. അനുഗ്രഹീത ഗായിക ബി .അരുന്ധതി ഈ ഗാനം ആലപിക്കുമ്പോൾ വളരെ ടെൻഷൻ അനുഭവിച്ചിരുന്നു എന്ന് റെക്കോർഡിംഗ് വേളയിലെ അനുഭവങ്ങളെ കുറിച്ച് പറയുമ്പോൾ സിത്താറിസ്റ്റ് കൃഷ്ണേട്ടൻ (കൃഷ്ണകുമാർ) സൂചിപ്പിക്കുകയുണ്ടായി. ഗാനത്തിന് തുടക്കത്തിൽ വരുന്ന ഹമ്മിംഗ് ആയിരുന്നത്രേ അതിന് കാരണം. രവീന്ദ്രൻ മാസ്റ്റർ തനിക്ക് ഏറെ സ്വാതന്ത്ര്യം അനുവദിച്ചു തന്നിരുന്നുവെന്ന് ഈ പാട്ടിനെ കുറിച്ചു സംസാരിക്കുമ്പോൾ ഒരിക്കൽ പ്രഗത്ഭ ഫ്ലൂട്ടിസ്റ്റ് നവീൻ എന്നോട് പറയുകയും ഉണ്ടായി. ഈ ഗാനം എന്നും ആസ്വാദക ഹൃദയങ്ങളിൽ നിത്യഹരിതമായി അനശ്വരമായി  തന്നെ നിലകൊള്ളും.

*************************************************************************************************

( 6 ) നിറങ്ങളെ പാടൂ കളമിതിലെഴുതിയ

ചിത്രം : അഹം ( 1992 )
സംവിധാനം : രാജീവ് നാഥ് -  ഗാനരചന : കാവാലം -  ആലാപനം : യേശുദാസ്
രാഗം :  സാലഗ  ഭൈരവി
ഓർക്കെസ്ട്രാ സഹായി : നരഹരി സത്യനാരായണ ഷെട്ടി
പിന്നണി സംഗീതജ്ഞർ : കീബോർഡ് : എസ് പി ഈശ്വർ റാവു , സിത്താർ : പണ്ഡിറ്റ് ജനാർദ്ദൻ മിട്ട , വീണ : ആർ പാർത്ഥസാരഥി , ഷെഹ്നായി : ബല്ലേഷ് , തബല : വെള്ള ബാല & തുളസി , ധോലക് : ജയരാജ് , ഗിറ്റാർ :  ഗുരു & ഡേവിഡ്
ശബ്ദലേഖനം : എച്ച് .ശ്രീധർ ( മീഡിയ ആർട്ടിസ്റ്റ് , മദ്രാസ് )

' രവീന്ദ്ര സംഗീതത്തിൽ ഏഴു നിറങ്ങളും ലയിക്കുമ്പോൾ ' ......ഒറ്റവാക്കിൽ ഈ ഗാനം വർണ്ണിക്കേണ്ടത് ഇങ്ങനെയാണ്. രവീന്ദ്രൻ മാസ്റ്ററുടെ മാസ്റ്റർപീസ് ഗാനങ്ങളിൽ ഏറ്റവും തലയെടുപ്പുള്ള മറ്റൊരു ഗാനം. കാവാലം നാരായണ പണിക്കർ എന്ന ഗാന തപസ്വി എഴുതി പൂർത്തിയാക്കി നൽകിയ വരികൾക്ക് സംഗീതം പകരുകയായിരുന്നു എന്ന് കേട്ടാൽ ഒരുപക്ഷെ അവിശ്വസനീയമായി തോന്നാം . പക്ഷെ സത്യം അതാണ് . പണിക്കരേട്ടൻ വളരെ സരസനും തന്നെ കുറിച്ച് പൂർണ്ണമായി അറിയുന്ന ആളുമാണ് എന്നായിരുന്നു ഇതിനെ കുറിച്ച് രവീന്ദ്രൻ മാസ്റ്റർ പിന്നീട് ഒരിക്കൽ പറഞ്ഞത്. അവർക്കിടയിലെ ആ രസതന്ത്രം തന്നെ ആയിരുന്നിരിക്കാം ആ കൂട്ടായ്മയിലെ എല്ലാ മികച്ച ഗാനങ്ങളുടെയും പിന്നിലുള്ള കാരണവും. ' സാലഗ ഭൈരവി ' രാഗത്തിൽ ഇത്രയും മനോഹരമായി കമ്പോസ് ചെയ്ത മറ്റു ഗാനങ്ങൾ വേറെ ഉണ്ടോ എന്ന് സംശയമാണ്.



രവീന്ദ്രൻ മാസ്റ്ററുടെ അനേകം ഹൃദ്യമായ ഗാനങ്ങളിൽ നിന്നാണ് ഈ ഗാനങ്ങൾ മാത്രം പരാമർശിച്ചിട്ടുള്ളത്.അത് ഒരു സാഹസം ആയി വായനക്കാർക്ക് തോന്നുന്നുവെങ്കിൽ  സദയം ക്ഷമിക്കുക. കാളിദാസനെ പോലുള്ളവരെ അറിയാൻ ആ കൃതികൾ ആഴത്തിൽ പഠിക്കണമെന്ന് ഒരു ചൊല്ലുണ്ട് . അത് പോലെ രവീന്ദ്രൻ മാസ്റ്ററെ പോലുള്ള സംഗീത സ്വരങ്ങളെ ആവാഹിച്ച മനീഷികളെ കുറിച്ച് അറിയാൻ ആ പ്രതിഭകളുടെ ഗാനങ്ങളെ കുറിച്ച് ആഴത്തിൽ പഠിക്കേണ്ടതുണ്ട്. അനുഭവിക്കേണ്ടതുണ്ട് . പ്രതിഭയെ അളക്കുവാൻ ശ്രമിക്കുന്ന ആളുകൾ പ്രത്യേകിച്ചും  .......

സപ്ത സ്വരങ്ങളുടെ ആ അനന്തതയിൽ അദ്ദേഹം ഇനിയും ജീവിക്കട്ടെ ......ഗാനങ്ങൾ ചിട്ടപ്പെടുത്തട്ടെ ............ ആ ഓർമ്മകൾക്ക് മുൻപിൽ എളിയ പ്രണാമം

**രവീന്ദ്രൻ മാസ്റ്ററുടെ കമ്പോസിംഗ് തബലിസ്റ്റ് ആയി ദീർഘകാലം പ്രവർത്തിച്ച പ്രദീപിനോടൊപ്പം (ചെന്നൈയിൽ വെച്ച്) ലേഖകൻ ഗിരീഷ്മോൻ ടി കെ**

Poem

# തിരിച്ചറിവ്

ഓർക്കുന്നു ഞാനെൻ ഭൂതകാലത്തിനെ
മാറിവന്നോരു ശിശിരവും വേനലും പെരുമഴക്കാലവും
മനസ്സിന്റെ അഭ്രപാളിയിൽ തെളിയുന്നു മങ്ങുന്നു
ബാല്യകൗമാരങ്ങളും  യൗവ്വന കാലവും

പത്തുമാസം ചുമന്നോരമ്മയോടേറ്റതും
നിസ്സാരമായച്ഛനോടു കയർത്തതും
മാനിച്ചീല ഞാൻ മുതിർന്നവരെയൊന്നുമേ
കണ്ടീല ഞാൻ മുന്നിൽ  കഷ്ടതയൊന്നുമേ

എന്റെ മനസ്സിലെ വാൾത്തലകൊണ്ടു ഞാൻ
കൊന്നൊടുക്കീലയോ എൻ സഹ ജീവിയെ
കൂട്ടുതേടുല്ലസിച്ചാർത്തു രസിച്ച ഞാൻ
ദൈവത്തെ നിന്ദിച്ചു നിഷേധ ഭാവത്തിൽ

ഇന്നെന്റെ കൺമുന്നിൽ ചുറ്റിത്തിരിയുന്നു
ഭൂതകാലത്തിലെ  ഞാൻ  കണ്ട കാഴ്ചകൾ
സാക്ഷ്യപ്പെടുത്തുന്നു ഓരോ ദിവസവും
കർമ്മഫലങ്ങളോ തേടി വരും നിന്നെ

ഇന്നെൻ മനസ്സിതാ വിങ്ങുന്നു ശക്തമായ്
ചെയ്തതിനൊക്കെയും മാപ്പപേക്ഷിക്കുവാൻ
ഇന്നെൻറെ ദൃഷ്ടികൾ നോക്കുന്നു ചുറ്റിലും
നീ ചെയ്തതല്ലയോ കാണുന്നു മുന്നിലായ്

വിചിന്തനം ചെയ്യുകിൽ കാണാം നമുക്കിതാ
നാകനരകങ്ങൾ ഈ ഭൂർവിയിൽത്തന്നെ
മാനിക്കു മാത്രമേ ലോകമുണ്ടായ് വരൂ
സദ്വർത്തി മാത്രമേ ശാശ്വതമായ് വരൂ.



**രാജു കൃഷ്ണൻ .ജി**
SA I, Nedumangad depot



# അഹം

മഴക്കോട്ടും കടന്ന് വെള്ളം ശരീരത്തിലേയ്ക്ക് ഒളിച്ചിറങ്ങുന്നതു പോലെയാണ് അയാൾക്ക് തോന്നിയത്. ഓഫീസിൽ നിന്നിറങ്ങുമ്പോൾ മഴ ഉണ്ടായിരുന്നില്ല . യാത്രാമധ്യേ അപ്രതീക്ഷിതമായാണ് മഴ പെയ്തത് .

സമയം അഞ്ചരയോടടുക്കുന്നതേ ഉള്ളൂ , എങ്കിലും ഇരുൾ പരന്ന പ്രതീതിയാണ്.

ഹെൽമെറ്റിനുള്ളിലെ കോട്ടിൻറെ തൊപ്പിയിലൂടെ കട്ടി ഫ്രെയിമുള്ള കണ്ണടയിൽ വെള്ളം നിറഞ്ഞു നിൽക്കുന്നതിനാൽ കാഴ്ച വ്യക്തമായിരുന്നില്ല . എന്നിട്ടും ജോത്സ്യന്റെ മുറിയുടെ മുമ്പിലെ നെയിം ബോർഡ് വായിച്ചെടുക്കാൻ അയാൾ ബുദ്ധിമുട്ടിയില്ല.

ഭാവിയും ഭൂതവും ഒപ്പം വർത്തമാനവും കവടി പലകയിൽ നൃത്തമാടിയശേഷം ജ്യോത്സ്യൻ പറഞ്ഞ പരിഹാരവും പേറി വീട്ടിലേയ്ക്ക് തിരിയ്ക്കുമ്പോഴേക്കും മഴ മാറിയിരുന്നു.

പകൽ വെളിച്ചം മാഞ്ഞ് രാത്രിയുടെ ഇരുളിലേക്ക് അന്തരീക്ഷം മാറിയിട്ടുണ്ട്.

അയാളുടെ മനസ്സ് അസ്വസ്ഥമാണ്. ശത്രുവിന്റെ ആഭിചാരക്രിയകളാണ് തന്റെയും കുടുംബത്തിന്റെയും ദുരിത ഫലങ്ങൾക്ക് കാരണമെന്ന അയാളുടെ തന്നെ കണ്ടെത്തൽ ജ്യോത്സ്യൻ അരക്കിട്ടുറപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്.

സ്കൂട്ടറിൽ ശരീരം സഞ്ചരിക്കുന്നതിനുമപ്പുറത്തേയ്ക്ക് അയാളുടെ മനസ്സു സഞ്ചരിക്കുന്നുണ്ട്. ശത്രു സംഹാരത്തിന്റെ വഴികൾ തേടി.

ഇരുട്ടിൽ തെളിഞ്ഞു നിൽക്കുന്ന കുറച്ച് ടോർച്ച് വെളിച്ചങ്ങൾ, പതുങ്ങിയ സംസാരം ....ശരീരമുള്ളിടത്തേയ്ക്കു അയാളുടെ മനസ്സും തിരിച്ചെത്തി.

ഒരു പാലത്തിനടുത്താണ് അയാൾ എത്തിയിരിക്കുന്നത്. താഴെ പുഴക്കരയിൽ നിന്നും റോഡിലേക്ക് കുറച്ചു വെളിച്ചങ്ങൾ സഞ്ചരിക്കുന്നുണ്ട്.

സ്കൂട്ടർ റോഡരുകിൽ ഒതുക്കി ഇറങ്ങിയപ്പോഴേയ്ക്കും വീണ്ടും മഴ പെയ്തു . കനത്ത മഴത്തുള്ളികൾ നെറ്റിയിൽ പതിച്ചപ്പോൾ അയാൾക്ക് ചെറുതായി വേദനിച്ചു. വണ്ടിയിൽ നിന്നും കൊട്ടെടുത്ത് തല വഴി മൂടിയിട്ട് അയാൾ വെളിച്ചങ്ങൾക്കരികിലേയ്ക്ക് നടന്നു.

അപ്പോഴേയ്ക്കും താഴെ പുഴക്കരയിൽ കണ്ട വെളിച്ചങ്ങളും അവർക്കരികിലേക്കെത്തിയിരുന്നു.

കുട ചൂടി വരുന്ന കുറച്ചു കാക്കിധാരികളെ ആണ് ആദ്യം കണ്ടത്. അതിനു പുറകിലായി കൈക്കുഞ്ഞിനെയെന്നോണം ഒരു പുരുഷ ശരീരം വാരിയെടുത്ത് ആജാനുബാഹുവായ ഒരാൾ നടന്നു വരുന്നു.

പോലീസുകാർ വിരിച്ച ഷീറ്റിലേയ്ക്ക് അയാൾ ആ ശരീരം കിടത്തി. പിന്നെ എന്തിനെന്നറിയില്ല പുഴയിലേക്ക് തന്നെ തിരിഞ്ഞു നടന്നു.


അന്തരീക്ഷത്തിൽ നിറഞ്ഞ ശവഗന്ധം സഹിക്കാനാവാതെ ആളുകൾ അസ്വസ്ഥരായി .

ശത്രു സംഹാരത്തിനായി ഇനി തനിയ്ക്കൊരു ശത്രു ബാക്കിയില്ലെന്ന തിരിച്ചറിവോടെ അയാൾ തന്റെ തന്നെ മുഖമുള്ള ആ മൃതശരീരത്തിനോട് ചേർന്ന് ഇരുന്നു.



**ബിജു ടി ഡി**
അസിസ്റ്റന്റ് സെയിൽസ്മാൻ
റീജിയണൽ ഓഫീസ്
കോഴിക്കോട്

## Paintings







**മിലിന്ദ്**

(തളിപറമ്പ് ഡിപ്പോ ജൂനിയർ അസിസ്റ്റന്റ് ടി.എം. ദീപയുടെ മകനാണ്)

Poem

# വൃദ്ധസദനം

ആകുലതകളൊക്കെയും നെഞ്ചേറ്റിയപ്പൊഴും
സൗരഭ്യത്തിൻ പൂവായിരുന്നു നീ.
വിണ്ടുകീറിയെൻ കാലുകൾ വെന്തുനീറിയപ്പൊഴും
പാദുകത്തിൻ കുളിരിൽ നിന്നെയൊളിച്ചുവെച്ചതും
മറക്കുമോ.
അന്തിയോളം ഭാരം ചുമന്നിട്ടും
വറ്റുനിറയാത്ത വയറിൽ പാടിയുറക്കിയതും,
ചോർന്നൊലിക്കുന്ന ഓലപ്പുരയിൽ
നിനക്കു ഞാൻ കുടയായ് കിടന്നതും,
രാവുറങ്ങാത്ത ദിനങ്ങളിൽ
നെഞ്ചിൻ നെരിപ്പോടിൽ നീ തണുപ്പകറ്റിയതും
മറക്കുമോ.
ചിന്തകളുടെ തീക്കാറ്റുകൾ
വയസ്സുകളോരോന്നും വാരിത്തിന്നപ്പൊഴും
പ്രതീക്ഷ നീയായിരുന്നില്ലെ.

ഇന്നുറങ്ങാത്ത പാതിരാത്രിയിൽ
നഷ്ടസ്വപ്നങ്ങൾ അനാഥമാക്കിയോ.
കൊഴിഞ്ഞു വീണ ഒരു നൂറുമോഹങ്ങൾ ചുറ്റിലും,
നഷ്ടകാലത്തിൽ തല ചാഴ്ച്ചുറങ്ങിയോ,

അസ്തമയത്തിൻ വിഷാദഭാവങ്ങളിൽ
എൻ 'സദനം' മൂകമായ് തേങ്ങിയോ.



**Nizar .V.K.**
Junior Assistant
Supplyco Depot
Taliparamba



Poem



# യുദ്ധം

വേണ്ട ഇനിയൊരു യുദ്ധം
ചോരയുടെ ചരിത്രം പറയുന്ന
കറുത്ത അദ്ധ്യായങ്ങൾ നല്കുന്ന
സംരക്ഷണവാദവും സംഘർഷങ്ങളും
നിറയുന്ന യുദ്ധം ഇനി വേണ്ട

ശാസ്ത്രത്തിന്റെ സകല നേട്ടങ്ങളും
നരഹത്യയ്ക്കും നശീകരണത്തിനുമായി
വഴിയൊരുക്കുന്ന മഹായുദ്ധങ്ങൾ
ഇനി വേണ്ട, വേണ്ടേ വേണ്ട

യുദ്ധം സമ്മാനിക്കുന്ന തീരാദുരിതങ്ങൾ
അനുഭവിക്കും പാവം ജനത
നഗരങ്ങൾ ശവപ്പറമ്പുകളാക്കും യുദ്ധം
പട്ടിണിയും തൊഴിലില്ലായ്മയും
അസമത്വവും നിറയ്ക്കുന്നു

രാജ്യത്തിൻ സമ്പദ് വ്യവസ്ഥ താറുമാറാക്കുന്ന
യുദ്ധം ഇനി വേണ്ട
ശാശ്വത സമാധാനം എന്ന സന്ദേശം
ലോകമെമ്പാടും പാടിപ്പറയുമ്പോഴും
മറുഭാഗത്ത് അവർ തന്നെ
യുദ്ധകാഹളം മുഴക്കുന്നു



**വിപിൻ ദാസ്**
ജൂനിയർ അസിസ്റ്റന്റ്
വടകര ഡിപ്പോ

# Paintings









**അജിത്കുമാർ**
ഡിവിഷണൽ മാനേജർ
ഓറിയന്റൽ ഇൻഷുറൻസ്, ഇടപ്പള്ളി

(ഗുണനിലവാര പരിശോധന വിഭാഗത്തിലെ
SA II അനുകൃഷ്ണന്റെ ഭർത്താവാണ്)

# പേരില്ലാത്ത  പാട്ട്

കറുത്ത വാവിന്റെ ഇരുട്ടിൽ
വർഗീയത
കൊന്നുകൂട്ടിക്കുഴഞ്ഞ
പച്ചമണ്ണിന്റെ കുടിയിടങ്ങളിൽ
നടക്കുമ്പേൾ
പരേതാത്മാക്കൾ ശലഭവും
നിലാവുമാകാൻ കൊതിച്ചു
അനാഥത്വം പേറുന്ന
ശവങ്ങൾക്കു മുകളിൽ
മിഠായി വിൽക്കുന്ന ഭ്രാന്തൻ
ആകാശത്തെ
കൈയെത്തിപ്പിടിക്കാൻ
ഇതുനുണയുക  എന്നയാൾ
ഉറക്കെ വിളിച്ചു കൂവിക്കൊണ്ടിരുന്നു.
അടുത്തായി കാണ്മൂ
ഇലകൊഴിഞ്ഞൊരു മരത്തിൻ
കൊമ്പിലായി എഴുതിയിരിക്കുന്നു.
"എറിഞ്ഞുടച്ച സ്വപ്നങ്ങൾക്ക്"
എറിഞ്ഞുടച്ച പ്രണയങ്ങൾക്ക്'
നഷ്ടപ്പെടുത്തിയ നഷ്ട്ടങ്ങൾക്ക്"
ഉടയോനില്ലാതെ
വഴിയിൽ തെറിച്ചുവീണ
വസ്തുക്കൾ മൂടിക്കിടക്കുന്നു.
എല്ലാം വിട്ടൊഴിഞ്ഞെന്റെ
തലവരയും
ഭാഗ്യത്തിന്റെ കൂമ്പാരവും
കീറിയ ജാതകവും.
പ്രകൃതി പേറ്റുനോവെടുത്ത
അത്ഭുത  വാർത്തകൾക്ക്
കാതോർത്തിരിക്കുന്നു.
ചിറകൊടിഞ്ഞ കാക്കകളും
ഇടക്കിടെ  ചിലയ്ക്കുന്ന ചീവീടും
കറുത്ത വാവിന്റെ  ഇരുട്ട്
താക്കോൽ ദ്വാരമടഞ്ഞ വാതിലുകൾ
ചിതലെടുത്ത
പങ്കായമുറങ്ങുന്ന തോണികൾ
ശവക്കോട്ടയിലെ
മാന്ത്രിക വാദ്യോപകരണത്തിൽ
നിന്നടർന്നു വീണ
ഒരു പാട്ട്
ഇത്
ജീവിതമല്ല— മരണവും —
മരണമല്ല— ജീവിതവും



**സിജു . ബി**
മാർക്കറ്റിംഗ് വിഭാഗം
സപ്ലൈകോ കേന്ദ്ര കാര്യാലയം

## Mandala Art
## Pencil Drawing










**Aditri Patjoshi**
Daughter of CMD
Dr Sanjeeb Patjoshi IPS

## Poem

### The Needles and Words

The Needle pointed out,
Mightier than sword.
Capable of pricking,
To even the greatest lord.

The words are short and crisp,
Mightier than sentences.
Capable of giving and reverting,
Smiles and even inconveniences.

The Meaning states,
Don't go on the cover
of the book, and just see
the qualities and discover.

The strongest and the weakest
are the same and equal,
And both have qualities
And both are special

## Poems

### വാക്ക്

എഴുതാതിരിക്കുന്നതെങ്ങനെ

ഓർമ്മ ബാക്കി വെക്കരുതെന്നാണ് വാക്ക്

നീ എന്ന ശൂന്യതയിലേക്ക്

എന്റെ കടലുകൾ കര കവിയാറുണ്ട്

അപ്പോൾ ഞാനെന്റെ വരികളെ

എങ്ങനെ തളച്ചിടാനാണ്

### ഭ്രാന്ത്

ഭ്രാന്ത് പൂക്കുന്നത്

താളം പിഴയ്ക്കുമ്പോഴല്ല

ചിന്തകൾ താളമിടുമ്പോഴാണ്

ഒരുചിറകടിയുടെ താളത്തിൽ

വാക്കുകളുടെ സീമകൾ കടന്ന്

പറന്ന് പറന്ന് പറന്ന് 'ഭ്രാന്ത് '


എത്ര മനോഹരമായ പദം

### നിദ്ര

തിരയൊടുങ്ങിയ കടലാണുള്ളം

നിന്നോളം ആഴങ്ങളിലിനി

എന്റെ നിദ്രകൾ പൂത്തു തുടങ്ങും



**Musthafa MA(ASM)**
Taliparamba Depot

Poem



# നോവ്

നീറുന്ന നിൻ മൗന നൊമ്പരത്തിൽ
ഇടനെഞ്ച് പൊട്ടി ഞാൻ പാടിടട്ടെ
കാലത്തിന് അറിയാത്ത ഓർമ്മത്തെറ്റുകൾ
ഇനിയാവർത്തിക്കാത്ത തെറ്റുകൾ
എല്ലാം സഹിച്ചൊരെൻ മനം
ശിലയായ് മാറിയോ
വേദനകളിൽ നിർവ്വികാരത
നീയാർജ്ജിച്ചുവോ
മിഴിനീർ ചോലകൾ എന്നേ
വറ്റിയെന്നറിയുന്നു ഞാൻ
ഒരു നീണ്ട കാലചക്രം കറങ്ങിതീരുന്നു
ഇന്നലെകൾ പോയതറിഞ്ഞീലാ
എന്നാലിന്നിനെയറിഞ്ഞിടുന്നു.
നിൻറെ ദുഃഖ സ്മൃതികളും നിന്നുള്ളിലെ
അണയാത്ത സ്നേഹദീപ്തിയും
നിന്റെ ഉള്ളിൽ എരിഞ്ഞൊരുനൊമ്പരം
എന്നാത്മാവിൻ മുറിപ്പാടാണല്ലോ
നീലാകാശത്തിൻ മടിത്തട്ടിലാണ്
മാനത്തുനിന്നു കൊഴിഞ്ഞുവീണ
ഒരു പൊൻ തൂവൽ എൻ മൗനനൊമ്പരങ്ങളിൽ
ഞാൻ സൂക്ഷിച്ചു വച്ചോമനിച്ചു
പറയാനറിയാത്ത മനസ്സിൻറെ
നോവായ് നിറഞ്ഞുനിന്നു.



**നുസൈഫ**
എഎസ്എം
കോഴിക്കോട് ഡിപ്പോ

# തിരക്കിൽ ജീവിതം മറന്നവർ (ഒറ്റയ്ക്കൊരുത്തി )



പട്ടിയ്ക്ക് ചോറ് കൊടുത്ത് കൂട്ടിലാക്കിയപ്പോൾ സമയം 11 മണി. രാവിലെ മുതൽ തുടങ്ങിയ പല്ലിലെ അസ്വസ്ഥത എന്താണെന്നറിയാൻ കണ്ണാടി നോക്കാനുള്ള സമയം കണ്ടെത്താൻ രാധിക ത്വര കൊണ്ടു. തൻറെ ശരീരത്തിലെ ഏറ്റവും അധികം ഇഷ്ടപ്പെടുന്ന ഭാഗമേതെന്ന് ചോദിച്ചാൽ "എൻറെ പല്ല്" എന്ന് താൻ ഉറപ്പിച്ചു പറയുമെന്ന്; ചെറുപ്പത്തിൽ നാന സിനിമ വാരികയിൽ നടിമാരോടുള്ള ചോദ്യോത്തരങ്ങൾ വായിക്കു മ്പോൾ കണ്ടു പിടിച്ച ഉത്തരമായിരുന്നു. ചെറുപ്പകാലത്തും മധ്യവയസ്സിലും അങ്ങിനെ യുള്ള ചോദ്യങ്ങൾ ചോദിക്കാൻ ആരുമില്ല എന്നത് പുതിയ തിരിച്ചറിവായിരുന്നില്ല! കസേരയും വലിച്ചു മേശക്കരികിലേക്കിട്ട് ചെറിയ കണ്ണാടിയിലേക്ക് മൊബൈൽ ഫോണിൻറെ വെളിച്ചത്തിൽ തൻറെ പല്ലിനെന്താണ് സംഭവിച്ചതെന്ന് അറിയാൻ ഒരു ദന്ത വിദഗ്ദ്ധന്റെ കൗശലത്തോടെ ചൂഴ്ന്നു നോക്കി. പല്ലിനടിയിൽ പറ്റിപ്പിടിച്ചിരിക്കുന്ന കറ ഇളക്കാൻ നെയിൽ കട്ടറിന്റെ പുറകിലുള്ള പല്ലുതോണ്ടിയോ  അതോ ചെവി തോണ്ടിയോ, എടുത്ത് ഓരോ പല്ലും വിശദമായി പരിശോധിക്കുവാൻ തുടങ്ങി. രണ്ടു വർഷം മുൻപ് പല്ലിനോടുള്ള അധിക പ്രേമത്താൽ ഒൻപതാം ക്ളാസ്സിൽ പഠിക്കുമ്പോൾ ട്യൂഷൻ സെൻറർ ആയിരുന്ന തപസ്യയിലെ ഏറ്റവും പഠിപ്പിസ്റ്റായിരുന്ന സുധീറിന്റെ ക്ലിനിക്കിൽ എത്തിയത് ഒറ്റയ്ക്ക് തന്നെയായിരുന്നു .ധാരാളം പേർ ബുക്ക് ചെയ്തവർ ഉണ്ടായിരുന്നിട്ടും സഹപാഠിയെ കണ്ട മാത്രയിൽ ഉള്ളിൽ കയറി വരാൻ പറഞ്ഞു അവൻ. അവന്റെ മുന്നിൽ വായ തുറന്നു കൊടുക്കുമ്പോൾ ചെറിയൊരു ലജ്ജ ഉണ്ടായിരുന്നെങ്കിലും തന്റെ പല്ലിന്റെ ഭംഗിയുടെ അഹങ്കാരത്തിൽ ആ ലജ്ജ താഴേക്ക് വീഴാതെ അന്തരീക്ഷത്തിലേക്ക് ഉയർന്നു പോയി . "ഒരു പല്ലിനും യാതൊരു കേടുമില്ലല്ലോ രാധികാ .... ചെറിയൊരു തേയ്മാനം ഉണ്ടെന്നല്ലാതെ. ക്ളീൻ ചെയ്യുക പോലും വേണ്ട അത്രക്ക് വൃത്തിയുണ്ടല്ലോ " അവന്റെ വാക്കുകളിൽ ഇരയെ കിട്ടാതെ പോയ സിംഹത്തിൻറെ മുരൾച്ചയുണ്ടായിരുന്നു.

അവിടുന്നിറങ്ങി വരുമ്പോൾ വലിയ അഹങ്കാരമായിരുന്നു. പല്ല് കാണിച്ച് വിടർത്തി ചിരിക്കാത്ത ഞാൻ ഉറക്കെ വിടർന്ന് ചിരിക്കാൻ തുടങ്ങി സിനിമാ നടികളിൽ വെച്ച് ഏറ്റവും ഭംഗിയുള്ള പല്ല് കാവ്യാമാധവനാണെന്ന് ഏതോ വാരിക സാക്ഷ്യപ്പെടുത്തിയതായി കണ്ടല്ലോ? തൻറെ പല്ലും ഏകദേശം ആ പല്ലുകളുമായി സാമ്യമുണ്ടല്ലോ. വാരികയിലെ വിടർന്നു ചിരിക്കുന്ന കാവ്യയുടെ ചിരിയും തൻറെ ചിരിയും ഒരുപോലെയുണ്ട് എന്ന കണ്ടെത്തലായി പിന്നെ കണ്ടെത്തലുകളിൽ ഹരം കൊള്ളുന്ന നിമിഷങ്ങൾക്ക് പതിനാറു വയസ്സിന്റെ ആവേശമുണ്ടായിരുന്നു .

പല്ലിനു വൃത്തിയില്ലാത്തവരെ പണ്ടേ ഇഷ്ടമല്ലായിരുന്നു. കൊന്ത്രൻ പല്ലുള്ള മഞ്ജുവാര്യരെ ഒരിക്കലും ഇഷ്ടപ്പെടാൻ കഴിഞ്ഞില്ല. എത്ര മികച്ച നടിയായിരുന്നിട്ടുകൂടി. കോളേജിൽ ഏറ്റവും അടുത്ത സുഹൃത്താവാൻ ശ്രമിച്ച റീനയെ  ഈ  ഒറ്റ കാരണം കൊണ്ട് മാത്രം അകലേക്ക് മാറ്റി നിർത്തി അവളോട് രണ്ടു വട്ടമേ സംസാരിച്ചുള്ളുവെങ്കിലും കണ്ണിൽ പെട്ടത് അവളുടെ 'മേ-കോ' പല്ലുകളായിരുന്നു. മേലെയും അടിയിലും തെറിച്ചും, ഇടതെറ്റിയും നിന്ന പല്ലുകൾ. അവളുടെ വായ് നാറ്റത്തിനു കാരണം ആ പല്ലുകളാണെന്നു മനസ്സിലാക്കാൻ അര നിമിഷം പോലും വേണ്ടിവന്നില്ല. 'മേ-കോ' പല്ലുകൾ ഉള്ളവരുടെയെല്ലാം വായും നാറും എന്ന തിയറി മനസ്സിൽ രൂപപ്പെട്ടു. അതുകൊണ്ടു തന്നെ, തന്നെ ഇഷ്ടപ്പെട്ടു അടുത്തു വന്നവരെ ജീവിതത്തിലേക്ക് ക്ഷണിക്കാൻ കഴിയാതെ വന്നു. വായും ചുണ്ടും വെച്ച് ഉമ്മ വെക്കേണ്ടി വരും എന്ന ഭീതിയിൽ മാത്രം കല്യാണത്തിൽ നിന്നും ഒഴിഞ്ഞു നിന്നു.

വളരെ ചെറുപ്രായത്തിൽ, തൻറെ ഇരുപത്തിനാലാം വയസ്സിൽ തന്നെ നവോദയ സ്കൂളിൽ ജോലികിട്ടി ഉത്തരേന്ത്യയിലേക്ക് കൂടു മാറിയെങ്കിലും ഒരാളേയും ജീവിതത്തിലേക്ക് കൂട്ടാൻ സാധിച്ചില്ല.  വലിയ വീട്ടിൽ ഒറ്റക്ക്  ധാരാളം ശമ്പളം ഉള്ള ജോലിയാണെങ്കിലും തൻറെ തിയറികൾ മറക്കാൻ താനൊരുങ്ങിയതുമില്ല . കൂട്ടിന് ഇപ്പോൾ രണ്ട് ഡാഷ് ഇനത്തിൽ പെട്ട പട്ടികളുണ്ട് ആദ്യം ഒരു ധൈര്യത്തിന് വാങ്ങിയതാണ് റോണിയെ . അവൻറെ ഏകാന്തത കണ്ടു മടുത്തപ്പോൾ ഒരു ഗേളിനെ വാങ്ങി കൊടുത്തു 'ഇവർക്കൊന്നും പിന്നെ ഫ്രഞ്ചുകിസ്സൊന്നുമില്ലല്ലോ ......സമാധാനം ' . ഒരു വർഷം കഴിഞ്ഞപ്പോഴേക്കും അവൾ അവളുടെ കാമുകനൊപ്പം പോയി; റോണി നോക്കി നിൽക്കെ! റോണിക്കവളോട് മുഴുത്ത ആരാധനയാണ് 'അല്ലെങ്കിലും ആരാധന പ്രണയമാവില്ലല്ലോ '.  എല്ലായ്പ്പോഴും ആവേശത്തോടെ അവളുടെ അരികിലെത്തും .    ഒന്ന് തൊട്ടു തലോടി ഉമ്മ വെച്ച് അവളെ സമീപിക്കുന്ന പുരുഷന്മാത്രമേ ഒരു സ്ത്രീ വശംവദയാവൂ എന്ന സത്യം ലക്കി എന്നെ പഠിപ്പിച്ചു. റോണിയുടെ പരാക്രമത്തിന് യാതൊരു വിലയും നൽകാതെ, എപ്പോഴും ഗേറ്റിലേക്ക് നോക്കി നിന്നത് ഇതിനായിരിക്കും. ഒരു ഞായറാഴ്ച്ച ലക്കിയെയും കൊണ്ട് റോഡിലൂടെ നടക്കുമ്പോൾ പ്രണയ പരവേശത്തോടെ അവളെ നോക്കി ചിരിക്കുന്ന അതേ ജനുസ്സിൽ പെട്ട ഒരു പട്ടിയെ  ഇവളെങ്ങിനെ കണ്ടു പിടിച്ചോ ആവോ ?.

ഒറ്റ നോട്ടത്തിൽ തന്നെ അവർ ആകൃഷ്ടരാണെന്ന് അവിവാഹിതയായിട്ടുകൂടി അറിയാൻ കഴിഞ്ഞു. എന്നാലും വീട്ടിൽ നോമ്പുനോറ്റിരിക്കുന്ന റോണിയുണ്ട് എന്നവൾ ഓർത്തതേയില്ല .  ബെൽറ്റിൽ നിന്നും പുറകോട്ടു നീങ്ങി അവൾ സ്വതന്ത്രയായി അവനിലേക്ക്! അവനിലേക്കോടുന്ന അവളുടെ രൂപം-രണ്ടുപേരും മിന്നൽ പോലെ കണ്ണിൽനിന്നും മാഞ്ഞു. അഴിഞ്ഞ ചങ്ങലയും പിടിച്ച് കുറേ നേരം ഇതികർത്തവ്യതാമൂഢയായി നിന്നുപോയി. തൻറെ വില്ലയിൽ ഉൾപ്പെട്ട ഭാഗം കാടുപിടിച്ച സ്ഥലമാണ്. ഒറ്റയ്ക്ക് തിരയാൻ പോയില്ല. തിരിച്ചു വന്നപ്പോൾ റോണി നിർന്നിമേഷം തന്നെ നോക്കി. അവൻറെ കണ്ണുകൾ സങ്കടം പറയുന്നുണ്ടായിരുന്നു. കുറേ നേരം ആ സങ്കടങ്ങൾക്ക് ചെവി കേട്ട് നിന്നു. അന്ന് ലഭിച്ചത് പുതിയൊരു അറിവുതന്നെയായിരുന്നു  'തങ്ങൾക്കിഷ്ടപെട്ട ഒരുവനെ മാത്രമേ ഒരു പെണ്ണ് തൻറെ ശരീരത്തിലേക്കും മനസ്സിലേക്കും സ്വീകരിക്കൂ  എന്നതും .'.

ചെറിയ കണ്ണാടി മേശയിലെ എമെർജൻസിയിൽ ചാരിവെച്ച് മൊബൈൽ ടോർച്ചുവെളിച്ചത്തിൽ പരിശോധിക്കുമ്പോൾ മനസ്സിലായി , തൻറെ പല്ലിന് എന്തോ സംഭവിച്ചിരിക്കുന്നു. എന്താണത്? ഒന്നുകൂടി ചുണ്ട് വിടർത്തി വായ പൊളിച്ചു നിരയൊത്ത പല്ലുകളിൽ ഒന്ന് ചെറുതായിരുന്നു. വല്ലാത്തൊരു വെളുപ്പും ബാധിച്ചിരിക്കുന്നു.  പല്ലുകളിലെല്ലാം കറുത്ത കറകളും വന്നിരിക്കുന്നു.  നെയിൽ കട്ടറിന്റെ ഭാഗം കൊണ്ട് ചുരണ്ടി നോക്കി. അതിലേക്ക് വെളുത്ത പ്ലാക്ക് വന്ന് നിറയുന്നു വീണ്ടും ദന്ത വിദഗ്ദൻറെ കൗശലത്തോടെ പല്ലിനെ മുഴുവനായും പഠിച്ചു .  ചെറിയൊരു വെളുപ്പ് അടുത്ത ആളിലേക്കും പടർന്നിട്ടുണ്ട്. ക്ലാസിൽ കുട്ടികളിൽ ഒരാൾ ചിരിച്ചാൽ ആ ചിരി മറ്റുള്ള കുട്ടികളിലേക്ക് പടരുംപോലെ. ക്ളാസ്സിലെ കുട്ടികൾ ഈയിടെയായി ചിരിക്കുന്നത് കാണാറേയില്ല. അവരുടെ മുഖങ്ങളും മൂക്കുറയിലാണല്ലോ രണ്ടു വർഷമായി മൂക്കുറയിൽ പെട്ടുപോയ എൻറെ പല്ലുകളെ നോക്കാനും ശ്രദ്ധിക്കാനും സാധിച്ചതുമില്ല.

"സ്കൂളിനടുത്തുള്ള കോമ്പൗണ്ടിൽ എവിടെയോ പല്ലുഡോക്ടർ ഉണ്ട് മാഡം സദാശിവം എന്നാ  പേര്."  മുറ്റമടിക്കാൻ വന്ന മൈഥിലി പറഞ്ഞു. റോണിയോടൊപ്പമുള്ള നടത്തത്തിൽ ആ പേര് വച്ച ഗേറ്റ് കണ്ടെത്തുക തന്നെ ചെയ്തു. വൈകീട്ട്4 മണിക്ക് ഒറ്റക്കവിടെ എത്തിയപ്പോൾ രോഗികൾ നാലുപേർ മാത്രം .വലിയൊരു നിശ്ശബ്ദതയുണ്ട്, ആ രണ്ടു നില കെട്ടിടത്തിൽ.  ഒരു ഡോറുമാത്രം തുറന്ന് പിടിച്ച് ഡോക്ടർ ഉള്ളിലേക്ക് ക്ഷണിച്ചു. സദാശിവം എന്ന പേരിന് ചേരാത്ത ഒരു സുമുഖനായ ചെറുപ്പക്കാരൻ. പക്ഷെ വെളുത്ത കോട്ട് ആകെ മുഷിഞ്ഞിരിക്കുന്നു രോഗികൾ

അധികം ഇല്ലാതിരുന്നിട്ടുകൂടി വെറുതെ ഒരു വെപ്രാളം കാണിക്കുന്നുണ്ടായിരുന്നു. ഒരു പക്ഷെ ഒരു സ്ത്രീ ഒറ്റക്ക് കയറി ചെന്നതിനാലുള്ള പരിഭ്രമമായിരിക്കാം. നാല്പത്തൊമ്പത് വയസ്സിലെത്തിയിട്ടും ചെറുപ്പം വിടാത്ത തൻറെ ശരീരം അയാളെ വിഭ്രാന്തിയിലാക്കിയിരിക്കാം .തൻറെ കണ്ണിലേക്കോ, ശരീരത്തിലേക്കോ കണ്ണ് ചെന്നെത്താത്ത ആ ചെറുപ്പക്കാരനെ മനസ്സാ നമിച്ചു. ഒറ്റക്ക് കയറി ചെല്ലുന്നിടത്ത് ലഭിക്കുന്ന തിക്താനുഭവങ്ങൾ ഓർമയിലേക്ക് തികട്ടി വന്നതുകൊണ്ടാവാം .

തൻറെ വായിലേക്ക് താനിന്നലെ നോക്കിയതുപോലെ ചെറിയൊരു ലൈറ്റും പിടിച്ച് സൂക്ഷ്മമായി വിലയിരുത്തി. ഒന്നും പറയാതെ മരുന്ന് കുറിച്ചുതന്നു. ഫീസ് വാങ്ങുമ്പോൾ പോലും കണ്ണുകൾ ഇടയാതിരിക്കാൻ അയാൾ ശ്രമിക്കുന്നുണ്ടായിരുന്നു. ലിസ്റ്റ് വാങ്ങി മെഡിക്കൽ ഷോപ്പിലെത്തിയപ്പോൾ ഗുളിക തരുന്നതിനിടയിൽ ഫാർമസിസ്റ്റ് വാചാലനാവുന്നുണ്ടായിരുന്നു. മൂക്കുറയിലെ വാചാലതക്ക് സ്വാധീനം കുറവാണ്. പറയുന്ന ആൾ വലിയ ശബ്ദത്തിൽ പറയേണ്ടിവരും; കേൾക്കുന്ന ആൾ സശ്രദ്ധം കേൾക്കുകയും വേണം. ഇങ്ങനെയെല്ലാമായിരുന്നിട്ടു കൂടി ഒന്ന് രണ്ട് വാക്കുകൾ ശ്രദ്ധയിൽ പെട്ടു ഡിവോഴ്സ് - ഗെ എന്നും മറ്റും.ഈ രണ്ട് വാക്കുകൾ ഈയടുത്തകാലത്ത് വളരെ പരിചിതമാണല്ലോ "ഗെ ' 'ലെസ്ബിയൻ ' എന്തൊക്കെയാണെന്ന് വേർതിരിച്ചറിയാൻ ഈ നാല്പത്തൊമ്പതാം വയസ്സിലും തനിക്ക് സാധിക്കുന്നില്ല. അത് തൻറെ പ്രായത്തിൻറെ കുഴപ്പമാണെന്ന് സമ്മതിക്കാൻ മനസ്സ് അനുവദിക്കുന്നുമില്ല. വീട്ടിലേക്ക് വെപ്രാളപ്പെട്ട് നടന്നു റൂമിലെത്തി സ്വസ്ഥമായി ഗൂഗിളിൽ തിരഞ്ഞു. ഗെ എന്നാൽ ആണും ആണും തമ്മിലുള്ള ബന്ധം. രാത്രിയിലെ ബ്രഷിംഗും കഴിഞ്ഞു ഗമ്മിനുമുകളിൽ പുരട്ടാനുള്ള പേസ്റ്റ് എടുക്കുമ്പോൾ ഡോക്ടറെ ഒന്നുകൂടി ഓർത്തു നോക്കി. രണ്ട് ദിവസംകൂടി കഴിഞ്ഞാൽ അയാളെ കാണണമല്ലോ.?

ഡോക്ടറുടെ വീട്ടിലെത്തിയപ്പോൾ ആരുമില്ല. കുറച്ച് കഴിഞ്ഞപ്പോൾ വെള്ള കോട്ടിട്ട്, സ്റ്റെതസ്കോപ്പുമിട്ട് സുന്ദരനായ ഡോക്ടർ ധൃതിപ്പെട്ട് പുറത്തേക്ക് വന്നു. ഡോക്ടർ സദാശിവം പ്രസന്നനായി വാതിൽ തുറന്നു. ഇരുന്ന് വീണ്ടും വായിലേക്ക് ലൈറ്റ് അടിച്ചുകൊണ്ട് പറഞ്ഞു 'ഉം രണ്ട് പല്ലിന് കാര്യമായ കുഴപ്പം ഉണ്ട് ക്ളീൻ ചെയ്യണം അതിനുമുൻപ് എക്സ്റേ എടുത്ത് വരണം ' രണ്ട് ദിവസം പല്ലിന്റെ എക്സ് റേ എടുക്കാൻ ടൗൺ മുഴുവൻ അലഞ്ഞു. എക്സ് റേ എടുക്കാൻ സാധിക്കാതെ ഡോക്ടറുടെ അടുത്തെത്തി. കാര്യം പറഞ്ഞപ്പോൾ ഒന്നും പറയാതെ മറ്റൊരു മുറിയിലേക്ക് കൊണ്ടുപോയി. 'തലയനക്കരുത് 'എന്നും പറഞ്ഞുകൊണ്ട് മുഖത്തേക്ക് ലൈറ്റ് ഇട്ടു. 'ങ്ങാ കഴിഞ്ഞു എഴുന്നേറ്റോളൂ 'എക്സ് റേ നോക്കുന്ന ഡോക്ടറുടെ മുഖം ഗൗരവതരമായിരുന്നു 'നിങ്ങളുടെ പല്ലുകൾക്ക് സമൂലനാശം വന്നിട്ടുണ്ട് ' കുറച്ചു സമയത്തേക്ക് സ്ഥലകാല ബോധം ഇല്ലാതായി തല ചുറ്റുന്നുവോ? മേശമേൽ പിടിച്ചു അപ്പോൾ മാത്രം, അപ്പോൾ മാത്രം തൻറെ കണ്ണുകളിലേക്ക് നോക്കി അയാൾ മൊഴിഞ്ഞു 'ഒന്നും പേടിക്കേണ്ട മുഴുവൻ എടുത്താലും ഇതിലും എത്രയോ നല്ല പല്ലുകൾ സെറ്റോടെ നമുക്ക് വെയ്ക്കാം '.

ഒറ്റക്കൊരുത്തി വാർധക്യത്തിൽ തരണം ചെയ്യേണ്ട മുൾവഴികളിലൊന്നിൽ കുറെ നേരത്തേക്ക് തളർന്നിരുന്നുപോയി. വർക്ക് ഷോപ്പിൽ കൊടുത്താൽപ്പോലും മാറ്റി വെയ്ക്കാൻ സാധിക്കാത്ത സാധനങ്ങളുണ്ട് നമ്മുടെ ശരീരത്തിൽ എന്ന് പറഞ്ഞു മനസ്സിനെ സമാധാനിപ്പിച്ചു. രണ്ട് മാസം കഴിഞ്ഞു പല്ലെടുത്തുമാറ്റണം എന്ന് തീരുമാനിച്ചുറപ്പിച്ചു. അത് വരെ നിറയെ ചിരിക്കണം. പല്ല് എടുത്തുകഴിഞ്ഞാൽ രണ്ടാഴ്ച്ച മൂക്കുറക്കുള്ളിൽ അഭയം തേടണം . മൂക്കുറ നമ്മുടെ വൈകൃതത്തെ തടയും. സന്തോഷം – ആദ്യമായി മൂക്കുറയ്ക്ക് നന്ദി പറഞ്ഞു '.മൂക്കുറ ' പണ്ട് കന്നു പൂട്ടുമ്പോൾ കാളകൾ പുല്ല് തിന്നാതിരിക്കാൻ വലിച്ചുകെട്ടുന്ന സാധനമാണ്. ഓലകൊണ്ടു മെടഞ്ഞ സാധനം അക്കാലത്തു കന്നുകാലികളിൽ മാത്രമേ കണ്ടിരുന്നുള്ളൂ, അതാണിപ്പോൾ മുഖത്ത് ഫിറ്റായിരിക്കുന്നത്.

സ്കൂളിൽ നിന്നും വന്ന് മാക്സി എടുത്തിട്ടു. സാരി അലക്കുമ്പോൾ മാക്സിയുടെ ഇറക്കം ബുദ്ധിമുട്ടിക്കുന്നു . തനിയെ പിറുപിറുത്തു 'ആരാണീ മാക്സിയൊക്കെയേ സ്ത്രീകളുടുക്കാവൂ എന്ന് പറഞ്ഞത് ? ' സാരി വിരിച്ചു കഴിഞ്ഞു നേരെ കത്രികയെടുത്തുകൊണ്ടുവന്ന് മാക്സിയുടെ കൈ രണ്ടും കക്ഷത്തിനുമീതെ വെച്ച് വെട്ടി ശരിയാക്കി, ഇറക്കം മുട്ടിന് താഴെ വെച്ച് മുറിച്ചെടുത്തു. ഹാവൂ എന്തൊരാശ്വാസം! കാലിന് ശ്വാസം കിട്ടുന്നുണ്ട്. കന്യകയായ തനിക്ക് മെനോപ്പസ്സിന്റെ സമയമാണ്. നാല്പത്തൊമ്പത് വയസ്സാവുമ്പോഴേക്കും ശരീരം ചൂടാവാൻ തുടങ്ങിയിരിക്കുന്നു. എന്തൊക്കെയോ അസ്വസ്ഥതകൾ തന്നെ മാന്തിപറിയ്ക്കുന്നുണ്ട്. രണ്ട് കൊല്ലം മുൻപുവരെ കൃത്യമായി വന്നിരുന്നത് ഇപ്പോൾ ആറുമാസത്തിലൊരിക്കൽ ആവുന്നു. ഇനി യൂട്ടറസ് കൂടി പരിശോധിക്കണം. ഒറ്റയ്ക്ക് ജീവിക്കാൻ തുനിഞ്ഞവൾ ഒറ്റയ്ക്കുതന്നെ ഈ ഇരുണ്ട വഴികൾ താണ്ടണം .


ഗേറ്റിനരികിൽ ഒരു കറുത്ത രൂപം ഉള്ളിലേക്ക് നോക്കി നിൽക്കുന്നു ആരും വരാനില്ലാത്തതുകൊണ്ട് ഗേറ്റിനരികിലേക്ക് കണ്ണുകൾ പോവാറില്ല 'ഇനീപ്പോ ലക്കിയാണോ?' ഉള്ളുപിടഞ്ഞു ഓടിച്ചെന്നു ക്ഷീണിച്ച രൂപം വയറ് നിറഞ്ഞിട്ടുണ്ട് മുലകൾ തൂങ്ങി താഴേക്കുനിൽക്കുന്നു.ഗർഭിണിയാണോ? നല്ല ക്ഷീണം കാണുന്നുണ്ട് ചോറ് കൊടുത്തപ്പോൾ ആർത്തിയോടെ തിന്നു . അവൾ കിടന്നു .വയറിനുള്ളിൽ അനക്കങ്ങൾ ശബ്ദമുണ്ടാക്കാതെ മൊബൈലിൽ വീഡിയോ എടുത്തു അവളോട് ഒന്നും ചോദിച്ചില്ല. അവളുറങ്ങട്ടെ, കാമുകൻ ഉപേക്ഷിച്ചുപോയവളിൽ ഇവൾ എത്രാമത്തവളാണ് ? എണ്ണമുണ്ടോ ? ലക്കിയെ റോണി സന്തോഷത്തോടെ സ്വീകരിച്ചു. കുറെ പരിഭവം പറഞ്ഞെങ്കിലും . ഏതോ ഒരുവൻറെ കുട്ടികളെയും പേറി വന്ന ലക്കിയെ അവൻ വീണ്ടും സ്നേഹിക്കാൻ തുടങ്ങിയിരിക്കുന്നു .

ഡാഷിന്റെ ഗർഭകാല പരിചരണവും ആഹാരവും ഗൂഗിളിൽ തിരഞ്ഞു. രണ്ട് മാസവും പത്ത് ദിവസവുമാണ് ഗർഭകാലം. അവളെ നോക്കി നോക്കി മനസ്സ് തൃപ്തമാവുന്നുണ്ടായിരുന്നു വയറു വലുതായിട്ടും വികൃതിത്തരങ്ങൾക്ക് ഒരു കുറവുമില്ല. മാസം അടുക്കാറായോ? ഒന്നും അറിയില്ലല്ലോ? നാട്ടിൽ പോവാൻ വേണ്ടി കൂടി വെച്ച ലീവുകൾ രണ്ടു മാസത്തേക്കെടുത്തു. അവൾക്ക് വേണ്ട കൂട് കോണിക്കൂട്ടിൽ തന്നെയൊരുക്കി. കോണിക്കൂടിനടുത്ത് ജനലിനോട് തുണി വലിച്ചു കെട്ടി ടെൻഡുപോലെയാക്കി. നിലത്ത് പഴയ കിടക്കകളും തലയിണകളും ബെഡ്ഷീറ്റും വിരിച്ച് ഒരുക്കിയിട്ടു. എന്നാൽ അവൾ അതിൽ കിടക്കുന്നില്ല .

ഇപ്പോഴും മുട്ടിയുരുമ്മി തൻറെ കൂടെ തന്നെ. തൻറെ കിടക്കയുടെ അരികിലുള്ള സോഫയിലാണ് അവളുടെ കിടപ്പ്. മുലക്കണ്ണുകൾ ചുവന്ന നിറത്തിൽ നിറഞ്ഞു നിൽക്കുന്നു ധാരാളം ഭക്ഷണവും കഴിക്കുന്നു. ഉറക്കവും കുറവ്. ഇന്നലെ രാത്രിമുതൽ അവൾക്ക് അസ്വസ്ഥത തുടങ്ങിയിരിക്കുന്നു, ഭക്ഷണമൊന്നും കഴിക്കുന്നില്ല, വെള്ളവും കുടിക്കുന്നില്ല. കുറെ നേരം എന്റെ മടിയിൽ തല വെച്ച് കിടന്നു ഓരോ തവണയും വേദന വരുമ്പോൾ ഓടുന്നു, കിടക്കാൻ സ്ഥലം അന്വേഷിക്കുന്നു. അവൾക്കായി വിരിച്ച കിടക്കക്കരികിൽ ഇരുന്ന്, ഞാൻ ഉറങ്ങി; അവളും. പത്ത് മിനുട്ട് കഴിഞ്ഞപ്പോഴേക്കും അവൾ വീണ്ടും എഴുന്നേറ്റോടാൻ തുടങ്ങി പിന്നെ എൻറെ അരികിൽ വന്ന് എന്നോട് ചേർന്നുകിടന്നു. അതാ പുറകിലൂടൊരു കുഞ്ഞു തലയും കാലും. തൻറെ കയ്യിലേക്കൊരു ചോരകുഞ്ഞു വരുന്നു. പ്ലാസെന്റയും മറ്റും അവൾ തന്നെ കടിച്ചുപൊട്ടിച്ചു ഒഴിവാക്കി. കുഞ്ഞിനെ എനിക്ക് തന്ന് അവൾ കിടന്നു. ദൈവമേ! തൻറെ വീട്ടിൽ തനിക്കായിമാത്രം പിറന്ന കുഞ്ഞ്. അവൾ എന്നെ അമ്മയാക്കിയിരിക്കുന്നു. കുഞ്ഞിനെ തുടച്ചെടുത്ത് മാറോടണച്ചപ്പോൾ ഉള്ളിലും എന്തൊക്കെയോ ചുരത്തുന്നു!



**SAJITHA S K**
JUNOR MANAGER ( M&I )
KANHANGAD DEPOT
KOZHIKODE REGION








*Published by:* SUPPLYCO Food Security For Kerala

**The Kerala State Civil Supplies Corporation**
Gandhi Nagar, Cochin - 682020
www.supplycokerala.com